# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ജനുവരി 5 | ദീപം 55 | നാളം 43 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org





പ്രഫ. റോണി കെ. ബേബി




## ബഫർസോൺ

# പ്രതിഷേധത്തീയിൽ കേരളം

പരിസ്ഥിതിലോലമേഖല (ബഫർസോൺ) സംബന്ധിച്ച് സുപ്രീംകോടതിവിധിയിൽ പറയുന്നപ്രകാരം വിശദമായ സ്ഥല പരിശോധന നടത്തി റിപ്പോർട്ടു സമർപ്പിച്ച് ആശങ്കയിൽ കഴിയുന്ന ജനങ്ങൾക്ക് ആശ്വാസം നൽകേണ്ട സർക്കാർ അതിന് ആത്മാർഥമായ ഒരു ശ്രമവും നടത്തുന്നില്ല എന്നതിനു തെളിവാണ് പുറത്തുവന്ന ഉപഗ്രഹസർവേറിപ്പോർട്ടും വനംവകുപ്പു തയ്യാറാക്കിയ ഭൂപടവും. ജനുവരിയിൽ സുപ്രീംകോടതി വീണ്ടും കേസു പരിഗണിക്കുമ്പോൾ ജനവിരുദ്ധമായ ഈ ഉപഗ്രഹ സർവേറിപ്പോർട്ട് സമർപ്പിച്ചാൽ അത് കേരളത്തിലെ ലക്ഷക്കണക്കിനു ജനങ്ങളുടെ താത്പര്യങ്ങൾക്കു വൻ തിരിച്ചടിയാകുമെന്നതിൽ യാതൊരു സംശയവുമില്ല. സുപ്രീംകോടതി വിധിക്കെതിരേ മഹാരാഷ്ട്ര, കർണാടക, തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ബഫർസോൺ ഒഴിവാക്കി വിധി സമ്പാദിച്ചിട്ടും കേരളസർക്കാർ ഇക്കാര്യത്തിൽ പുലർത്തുന്ന നിസ്സംഗതയും കെടുകാര്യസ്ഥതയും അത്യന്തം പ്രതിഷേധാർഹമാണ്.

### ജൂൺ മൂന്നിലെ സുപ്രീംകോടതിവിധി

സംരക്ഷിതവനാതിർത്തിയിൽനിന്നും ദേശീയ പാർക്കുകൾ, വന്യജീവിസങ്കേതങ്ങൾ എന്നിവിടങ്ങളിൽനിന്നും ഏറ്റവും കുറഞ്ഞത് ഒരു കിലോമീറ്റർ പരിസ്ഥിതിലോലമേഖല നിർബന്ധമാക്കുന്നതാണ് ജൂൺ മൂന്നിലെ സുപ്രീംകോടതിവിധി. സുപ്രീംകോടതി പ്രഖ്യാപിച്ച ദൂരപരിധിയിൽ ഇളവ് ആവശ്യമെങ്കിൽ സംസ്ഥാനസർക്കാരുകൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും സുപ്രീംകോടതി നിയോഗിച്ച എംപവേർഡ് കമ്മിറ്റിയെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെയും സമീപിക്കാമെന്ന് ജൂൺ മൂന്നിലെ വിധിയിൽ വ്യക്തമായി പറയുന്നുണ്ട്. എംപവേർഡ് കമ്മിറ്റിയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവും സംസ്ഥാനങ്ങൾ നൽകുന്ന റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി സുപ്രീംകോടതിയിൽ ശിപാർശ സമർപ്പിക്കും. അതിന്റെ അടിസ്ഥാനത്തിൽ കോടതി ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കും. അതായത്, ബഫർസോൺ വിഷയത്തിൽ പരിഹാരശ്രമങ്ങൾക്കു നേതൃത്വം നൽകേണ്ടത് കേരളസർക്കാരാണെന്നു വ്യക്തം.

ജൂൺ മൂന്നിലെ വിധിയുടെ അടിസ്ഥാനത്തിൽ പരിസ്ഥിതിലോലമേഖലയിൽ നിലവിലുള്ള കെട്ടിടങ്ങളെയും നിർമാണപ്രവർത്തനങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ സുപ്രീംകോടതി നിശ്ചയിച്ച സമയപരിധിക്കുള്ളിൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് കേന്ദ്ര എംപവേർഡ് കമ്മിറ്റിക്കു സമർപ്പിക്കേണ്ടതുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യം കേന്ദ്രസർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബോധ്യപ്പെടുത്തേണ്ടതുണ്ട്. എംപവേർഡ് കമ്മിറ്റി ഈ വിവരം സുപ്രീംകോടതിയെ അറിയിച്ച് കേരളത്തിന് അനുകൂലമായി വിധി സമ്പാദിക്കണം. ഇതിനുവേണ്ടി അടിയന്തരമായി ഗ്രൗണ്ട് സർവേ നടത്തി യഥാർഥവസ്തുത സുപ്രീംകോടതിയെ ബോധ്യപ്പെടുത്തി കേരളത്തിന് അനുകൂലമായി ഇളവുകൾ നേടുന്നതിനുപകരം വസ്തുതകളുമായി ഒരു ബന്ധവുമില്ലാത്ത, ജനങ്ങളെ കൂടുതൽ ഭീതിയിലാക്കുന്ന, കൂടുതൽ ജനവാസകേന്ദ്രങ്ങളെ ബഫർസോൺ പരിധിയിലാക്കുന്ന ഉപഗ്രഹസർവേറിപ്പോർട്ടുമായി സർക്കാർ മുന്നോട്ടുപോവുകയാണ്.

### ജനവിരുദ്ധമായ ഉപഗ്രഹസർവേറിപ്പോർട്ട്

വനാതിർത്തിയിലെ ബഫർസോൺ നിർണയിക്കുന്നതിനായി സംസ്ഥാനം തയ്യാറാക്കിയ റിപ്പോർട്ടിൽ വലിയ ആശയക്കുഴപ്പവും ആശങ്കയുമാണുള്ളത്. വനംവകുപ്പ് രഹസ്യമായി ഉന്നതകേന്ദ്രങ്ങളിൽ സമർപ്പിച്ച ഉപഗ്രഹസർവേറിപ്പോർട്ട് നിരന്തരപ്രതിഷേധങ്ങളെത്തുടർന്നു പുറത്തുവിട്ടപ്പോൾ ലഭിക്കുന്ന വിശദാംശങ്ങൾ അക്ഷരാർഥത്തിൽ ഞെട്ടിക്കുന്നതാണ്. സുപ്രീംകോടതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 24 വന്യജീവിസങ്കേതങ്ങളുടെ അതിർത്തിയിലെ ജനവാസമേഖലകൾ നിർണയിക്കാനുള്ള നടപടികളാണ് സർക്കാരിന്റെ അനാസ്ഥകാരണം വലിയ പ്രതിഷേധങ്ങൾക്ക് ഇടയാക്കിയിരിക്കുന്നത്.

ബഫർസോൺ വിഷയത്തിൽ കർഷകരുൾപ്പെടെ സംരക്ഷിതവനമേഖലയ്ക്കു സമീപമുള്ള ജനസമൂഹത്തെ വഞ്ചിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

ബഫർസോൺ നിർണയിക്കുന്നതിനായി ഫീൽഡ് സർവേ നടത്തുന്നതിനുപകരം സംസ്ഥാന റിമോട്ട് സെൻസിങ് എൻവയോൺമെന്റ് സെന്റർ തയ്യാറാക്കിയ ഉപഗ്രഹസർവേറിപ്പോർട്ടും വനംവകുപ്പു തയ്യാറാക്കിയ ഭൂപടവും അപൂർണമാണെന്ന വലിയ വിമർശനമാണ് ഉയരുന്നത്. സർവേയിൽ ഭൂവിനിയോഗം, വീടുകൾ, കൃഷിയിടങ്ങൾ, കെട്ടിടങ്ങൾ, പൊതുസ്ഥാപനങ്ങൾ എന്നിവയെല്ലാം പ്രത്യേകമായി മാർക്ക് ചെയ്യേണ്ടതുണ്ട്. എന്നാൽ, സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ഭൂപടം പലയിടത്തും അപൂർണമാണ്. പുറത്തുവന്നിരിക്കുന്ന റിപ്പോർട്ടിൽ സംസ്ഥാനത്തെ നിരവധി ഗ്രാമങ്ങളും ചെറുപട്ടണങ്ങളുമൊക്കെ ഉപഗ്രഹസർവേയിൽ ബഫർസോണായാണു രേഖപ്പെടുത്തിയിരിക്കുന്നത്.

ശരിയായ രീതിയിൽ ഗ്രൗണ്ട് മാപ്പിങ് നടത്താതെ, റവന്യൂരേഖകളെ കാര്യമായി ആശ്രയിക്കാതെ ഗൂഗിൾ മാപ്പിന്റെ സഹായത്തോടെ തട്ടിക്കൂട്ടുറിപ്പോർട്ടു തയ്യാറാക്കിയതുകൊണ്ടാണ് ഇപ്പോൾ കാര്യങ്ങൾ വഷളായിരിക്കുന്നത്. നേരിട്ട് സ്ഥലപരിശോധന നടത്താതെ ഉപഗ്രഹസർവേറിപ്പോർട്ടുമാത്രം പരിഗണിച്ച് ബഫർസോൺ നിശ്ചയിക്കാനുള്ള നീക്കം ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻമാത്രമാണ്. ഇത് ഒരിക്കലും അംഗീകരിക്കാനാകില്ല.

ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെ തയ്യാറാക്കിയ ബഫർസോൺമാപ്പിൽ ബഫർസോണിൽ വരുന്ന മേഖലകൾ തിരിച്ചറിയുന്നതിനുള്ള ലാൻഡ് മാർക്കുകൾ വ്യക്തമല്ല. പുഴകൾ, റോഡുകൾ, പ്രാദേശികസ്ഥലപ്പേരുകൾ എന്നിവ മാപ്പിൽ വ്യക്തമായി രേഖപ്പെടുത്താത്തതും പ്രദേശങ്ങളുടെ പേരുകൾ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതും ജനങ്ങളിൽ വലിയ ആശങ്കയുളവാക്കുന്നു. ആകാശക്കാഴ്ചയിൽ തിരിച്ചറിയാനാവാത്ത കെട്ടിടങ്ങളും കുടിലുകളും മാപ്പിലില്ല. അതായത്, തങ്ങളുടെ വീടും സ്വത്തും ബഫർസോൺ പരിധിക്കകത്തോ പുറത്തോ എന്നറിയുന്നതിനുപോലുമുള്ള സാധാരണക്കാരുടെ അവകാശം നിർദാക്ഷിണ്യം നിഷേധിച്ചിരിക്കുകയാണ്. 14,619 കെട്ടിടങ്ങൾ ബഫർസോണിൽ ഉൾപ്പെട്ടിട്ടുണ്ടെന്നാണ് റിപ്പോർട്ടിൽനിന്നു വ്യക്തമാകുന്നത്. പ്രാദേശികമായ ഒരു പരിശോധനയുമില്ലാതെ ജനവാസകേന്ദ്രങ്ങളിലെ വീടുകൾ ഉൾപ്പെടെ ഇത്രയും കെട്ടിടങ്ങൾ ഉൾപ്പെടുത്തി ബഫർസോൺമാപ്പു തയ്യാറാക്കിയത് സർക്കാർ ജനങ്ങളെ വെല്ലുവിളിക്കുന്നതിനു തുല്യമാണ്. വീടുകളും വാണിജ്യസ്ഥാപനങ്ങളും ഒരേ രീതിയിൽ അടയാളപ്പെടുത്തിയിരിക്കുന്നതും ദുരൂഹമാണ്.

### ജനവാസകേന്ദ്രങ്ങൾ ബഫർസോണിൽ

കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെന്റ് സെന്റർ പുറത്തുവിട്ട മാപ്പിൽ വനാതിർത്തിയോടു ചേർന്നുകിടക്കുന്ന ഭൂരിഭാഗം ജനവാസകേന്ദ്രങ്ങളും ബഫർസോൺ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതായി കാണാം.

▶12

# സിനിമയിലെ കത്തോലിക്കർ




മലയാളത്തിൽ വിജയിച്ച, അതിൽ സൂപ്പർ – മെഗാ ഹിറ്റുകളായ ഭൂരിപക്ഷം സിനിമകളും പിറവിയെടുത്തത് ക്രൈസ്തവ പശ്ചാത്തലത്തിൽനിന്നുകൊണ്ടായിരുന്നു.

കോട്ടയം കുഞ്ഞച്ചൻ, സംഘം, ലേലം, സ്ഫടികം, വീണ്ടും ചില വീട്ടുകാര്യങ്ങൾ, മനസ്സിനക്കരെ, നോക്കെത്താദൂരത്ത് കണ്ണുംനട്ട്, ക്രിസ്ത്യൻ ബ്രദേഴ്സ്, മുതൽ ഇങ്ങേയറ്റം കടുവവരെയുള്ള സിനിമകൾ ഇതിന്റെ ഉദാഹരണപ്പട്ടികയിൽ പെടുന്നു.

ഇഞ്ചക്കാടൻ മത്തായി ആന്റ് സൺസ്, കൂടിക്കാഴ്ച, ഉപ്പുകണ്ടം ബ്രദേഴ്സ്, കിഴക്കൻ പത്രോസ്, കാഞ്ഞിരപ്പള്ളി കറിയാച്ചൻ തുടങ്ങിയ സിനിമകൾ ശരാശരി വിജയത്തിലൊതുങ്ങിയവയായിരുന്നുവെങ്കിലും സൂപ്പർ താരങ്ങളല്ല അതിൽ വേഷം കെട്ടിയതെങ്കിലും ഈ സിനിമകളുടെയും പശ്ചാത്തലം കത്തോലിക്കാകുടുംബങ്ങളുടേതുതന്നെയായിരുന്നു.

തോപ്പിൽ ജോപ്പൻ, നസ്രാണി, നാട്ടുരാജാവ്, വാഴുന്നോർ, അവൻ ചാണ്ടിയുടെ



മകൻ, താന്തോന്നി തുടങ്ങിയ ചുരുക്കം ചില സിനിമകൾ മാത്രമേ ഇതേ പശ്ചാത്തലത്തിൽ ഒരുക്കിയിട്ടും വേണ്ടത്ര സാമ്പത്തികവിജയം കൈവരിക്കാതെ പോയിട്ടുള്ളൂ.

ഇതിൽ പരാമർശിച്ചിരിക്കുന്ന ഭൂരിപക്ഷം സിനിമകളിലെയും നായകചിത്രീകരണത്തിൽ പൊതുവെ തെളിഞ്ഞുവരുന്ന ഒരു മുഖമുണ്ട്. പോക്കിരികളായ കത്തോലിക്കാനായകന്മാരാണ് ഇവർ. അതേ, തെറിയും അടിയും കൊലവിളിയും എന്ന മട്ടിൽ മരണമാസായിട്ടാണ് ഈ സിനിമയിലെ കേന്ദ്രകഥാപാത്രങ്ങളെയെല്ലാം അവതരിപ്പിച്ചിരിക്കുന്നത്.

പ്രതികാരദാഹികൾ, അത്യാഗ്രഹികൾ, ചട്ടമ്പികൾ... പോരടിച്ചും പെണ്ണുപിടിച്ചും പട്ടച്ചാരായമടിച്ചും പണം ചെലവഴിക്കുന്നവർ, കുടിപ്പകയിൽ എരിയുന്നവർ. ക്രൈസ്തവരെന്നാൽ ഇങ്ങനെയെല്ലാമാണ് എന്ന തെറ്റായ സന്ദേശം നേരിട്ട് ജനങ്ങളിലേക്കെത്തിക്കുന്നതിൽ ഇത്തരം ചിത്രങ്ങൾ വഹിച്ച പങ്ക് നിസ്സാരമൊന്നുമല്ല.

ക്രിസ്മസും ഈസ്റ്ററുംകഴിഞ്ഞുള്ള ബിവറേജസ് കോർപ്പറേഷന്റെ മദ്യ ഉപഭോഗത്തിന്റെ കണക്കുകൾകൂടി ഇതോടു ചേർത്തുവേണം വായിക്കാൻ. ക്രൈസ്തവരാണ് ഏറ്റവും കൂടുതൽ മദ്യം ഉപയോഗിക്കുന്നത് എന്ന ധാരണയെ അടിവരയിട്ടുറപ്പിക്കാൻ അവയ്ക്കു സാധിക്കുന്നുണ്ട്.

ഈ കണക്കും മേൽപ്പറഞ്ഞ സിനിമകളും ചേർത്തുവായിക്കുമ്പോൾ തെളിഞ്ഞുവരുന്നത് മദ്യപരായ കത്തോലിക്കരുടെ ചിത്രംതന്നെയാണ്. മദ്യം അകത്തെത്തിക്കഴിഞ്ഞാൽ സ്വാഭാവികമായും സംഭവിക്കുന്ന മാറ്റം വഴക്കും അടിയുമാണല്ലോ.

കോട്ടയം കുഞ്ഞച്ചനും ആടുതോമായും തോപ്പിൽജോപ്പനും കിഴക്കൻ പത്രോസുമെല്ലാം ഇത്തരക്കാരാണ്. നേരിട്ട് ക്രൈസ്തവപശ്ചാത്തലമുള്ള സിനിമയായിരുന്നില്ല സ്വപ്നക്കൂട് എങ്കിലും പ്രസ്തുത സിനിമയിൽ പൃഥ്വിരാജ് അവതരിപ്പിച്ച കഥാപാത്രത്തിന്റെ ബായ്ക്ക്ഗ്രൗണ്ട് ഇത്തരത്തിലുള്ളതായിരുന്നു. പഞ്ചാരയെന്നു വിശേഷിപ്പിക്കാവുന്ന വിധത്തിലുള്ള, സ്ത്രീവിഷയങ്ങളിൽ തത്പരനായ കഥാപാത്രം.

ക്രൈസ്തവരെന്നാൽ പാലാ – കാഞ്ഞിരപ്പള്ളിക്കാർ എന്ന മട്ടാണ് മലയാള സിനിമക്കാർക്ക്. ഇവിടെ മാത്രമേ ക്രൈസ്തവരുള്ളൂ എന്നും അല്ലെങ്കിൽ റോമൻ കത്തോലിക്കർ മാത്രമാണ് ക്രൈസ്തവരെന്നുമാണ് അവരുടെ ധാരണ. അടിക്കാതെയും തെറിവിളിക്കാതെയും മുണ്ടും ജൂബയും ധരിക്കാതെയും മലയാളസിനിമയിലെ ക്രൈസ്തവനാമധാരികളായ നായകന്മാർക്കു പെരുമാറാനും ജീവിക്കാനും കഴിയാത്ത അവസ്ഥയാണ് പരക്കെയുള്ളത്.

പാലായിലെയും കാഞ്ഞിരപ്പള്ളിയിലെയും ചെറുപ്പക്കാരായ കത്തോലിക്കരിൽ എത്രപേരുണ്ട് മുണ്ടും ജൂബയും ധരിക്കുന്നവരായിട്ട്? വിശേഷാൽ അവസരങ്ങളിലുള്ള ചില വേഷംകെട്ടലുകളല്ലാതെ ഇവിടെയൊന്നും അത്തരം ചെറുപ്പക്കാരെ കാണാൻ കഴിയില്ല. മലയാളസിനിമ ഏറെ റിയലിസ്റ്റിക്കായി എന്നു പറയുമ്പോഴും ഇത്തരത്തിലുള്ള സിനിമാറ്റിക് എലിമെന്റുകൾ ഇപ്പോഴും വിട്ടുപോയിട്ടില്ലെന്നാണ് ഇതൊക്കെ വ്യക്തമാക്കുന്നത്.

ഇനി സ്ത്രീകഥാപാത്രങ്ങളെയെടുക്കുമ്പോഴും അവിടെയും കാണും വികലമായ രീതിയിലുള്ള ചില ആവിഷ്കാരങ്ങൾ. കൊച്ചുത്രേസ്യയുടെയും റോയിയുടെയും കഥ പറഞ്ഞ മനസ്സിനക്കരെ എന്ന സിനിമ ഒരു ഉദാഹരണം. പ്രായം ഏറെയായിട്ടും അയൽക്കാരനായ റോയിയുടെ ബീഫും കള്ളും കുടിക്കാൻ മതിലുചാടിക്കടക്കുന്ന ഒരു അമ്മയെയാണ് ഈ ചിത്രത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. കട്ടപ്പനയിലെ ഋതിക് റോഷൻ എന്ന സിനിമയിലെ വിവാഹവുമായി ബന്ധപ്പെട്ട ഗാനരംഗത്തു കാണിക്കുന്നതിൽ ഭൂരിപക്ഷവും സ്ത്രീകളുടെ മദ്യപാനമാണ്.

മൺമറഞ്ഞുപോയ അടൂർഭവാനി, ഫിലോമിന, മീന, സുകുമാരി തുടങ്ങിയ നടിമാരുടെ ചട്ടയും മുണ്ടും അണിഞ്ഞ ഒട്ടുമിക്ക വേഷങ്ങളും ഒരേ അച്ചിൽ വാർത്തെടുത്തവയാണ്. പരദൂഷണക്കാരികളായ, അസൂയാലുക്കളായ, വാക്സാമർഥ്യക്കാരായ, പാരവയ്പുകാരികളായ കത്തോലിക്കാസ്ത്രീകളെയാണ് അവിടെയെല്ലാം കാണാൻ കഴിയുന്നത്.

നായികകളായി വരുന്ന ക്രൈസ്തവ



കഥാപാത്രങ്ങളുടെ കാര്യത്തിലും സ്ഥിതി വിഭിന്നമല്ല. കേരളംവിട്ടാൽ ചില പ്രത്യേക മെട്രോ നഗരങ്ങളിൽ, ചില പ്രത്യേക ജോലിയും കോഴ്സുമായി ബന്ധപ്പെട്ടു ജീവിക്കുന്ന ക്രൈസ്തവപെൺകുട്ടികളെയെല്ലാം മോശമായി ചിത്രീകരിക്കുന്നവയാണ് പല സിനിമകളും.

ഏറെ ചർച്ചചെയ്യപ്പെട്ട 22 ഫീമെയിൽ കോട്ടയം എന്ന സിനിമയിലെ ടെസയുടെ കാര്യംതന്നെയെടുക്കുക. ബാംഗ്ലൂരിൽ നേഴ്സായി ജോലി ചെയ്യുന്ന അവൾ വീട്ടുകാരെ അറിയിക്കാതെ ഒരു രഹസ്യബന്ധം തുടരുന്നുണ്ട്. അവളുടെ കൂട്ടുകാരിയായ പെൺകുട്ടിയാവട്ടെ പണത്തിനുവേണ്ടി സമ്പന്നരുടെ കിടപ്പറ പങ്കിടുന്നവളാണ്. കാമുകൻ വിളിക്കുമ്പോൾ വീട്ടുകാരോടു നുണപറഞ്ഞും എത്ര സാഹസികമായും അവനൊപ്പം സമയം ചെലവിടാൻ ഇറങ്ങിത്തിരിക്കുന്ന പെൺകുട്ടിയുടെ കഥ പറഞ്ഞ കപ്പേളയിലെ നായികയും ക്രിസ്ത്യാനിയായിരുന്നു.

മൈക്കിളപ്പന്റെയും കുടുംബത്തിന്റെയും കഥ പറഞ്ഞ ഭീഷ്മപർവത്തിലും കാര്യം തഥൈവ. മൈക്കളപ്പനുൾപ്പടെയുള്ളവർ ഗജപോക്കിരികളാണ്. ഭാര്യയെ മാനിക്കാത്ത, ബൈസെക്ഷ്വലായ പോൾ, സ്ത്രീലമ്പടനായ അനിയൻ, വിവാഹപൂർവ ലൈംഗികതയിൽ വിശ്വസിക്കുന്ന പെൺകുട്ടി, ഇവരെല്ലാം ധാർമികതയെ മറികടന്നു ജീവിക്കുമ്പോൾ മറുഭാഗത്ത് അവതരിപ്പിക്കപ്പെടുന്നത് സഹോദരസ്നേഹമുള്ള, കെട്ടുറപ്പുള്ള കുടുംബബന്ധങ്ങളുള്ള അന്യസമുദായാംഗങ്ങളെയാണ്.

വില്ലന്മാർക്കു മാത്രമല്ല ഗുണ്ടാസംഘങ്ങൾക്കും ചാർത്തിക്കൊടുക്കും ഓരോ കുരിശുകൾ. കഴുത്തിലും കാതിലും കുരിശ് അണിഞ്ഞിരിക്കുന്നവരാണ് ഇവരെല്ലാം. കഥയോ കഥാപാത്രമോ ആവശ്യപ്പെടാത്ത രീതികളാണ് ഇവയെന്നതുകൊണ്ടാണ് ഈ കുരിശുധാരണം അപലപനീയമാകുന്നത്. സഹതാരങ്ങളായി വന്നുപോകുന്ന പലർക്കും വെന്തിങ്ങയും കൊന്തയും നല്കാറുമുണ്ട്. അവരെല്ലാം കഥാപാത്രപരമായി ഒട്ടും പോസിറ്റീവുമല്ല.

ഇനി കാരണവന്മാരുടെ ചിത്രീകരണമെടുത്താലോ? പണത്തോട് ആർത്തിയുള്ള, മക്കൾക്ക് സ്വത്ത് വീതംവച്ചുകൊടുക്കാത്ത, അത്യാഗ്രഹികളും ദുഷ്ടന്മാരുമായിട്ടാണ് അവരെ അവതരിപ്പിച്ചിരിക്കുന്നത്. അടുത്തയിടെ പുറത്തിറങ്ങിയ അപ്പനിലെ ഇട്ടിയും അതിനു മുമ്പുള്ള ജോജിയിലെ പനച്ചേൽ കുട്ടപ്പനും ഉദാഹരണങ്ങൾ. മക്കൾക്ക് സ്വത്തു വീതംവച്ചുകൊടുക്കാത്തവരായിട്ടാണ് ഈ അപ്പന്മാരെ ചിത്രീകരിച്ചിരിക്കുന്നത്. കത്തോലിക്കാകുടുംബങ്ങളിലെ കാരണവന്മാരെല്ലാം ഇട്ടിയെയും കുട്ടപ്പനെയുംപോലെയാണെന്ന പൊതുധാരണയിലേക്കാണ് ഇതൊരു പ്രേക്ഷകനെ കൊണ്ടുചെന്നെത്തിക്കുന്നത്.

കത്തോലിക്കാക്കുടുംബങ്ങളിൽ പ്രശ്നങ്ങളില്ലെന്നോ അവർ എല്ലാം തികഞ്ഞവരാണെന്നോ ഇവിടെയാരും പറയുന്നില്ല. ഇട്ടിയെയും കുട്ടപ്പനെയും തോമസ് ചാക്കോയെ ആടുതോമയാക്കിയ ചാക്കോമാഷിനെയുംപോലെയുള്ളവർ നമ്മുടെ കത്തോലിക്കാക്കുടുംബങ്ങളിലും അവിടവിടെയായി ഉണ്ടായേക്കാം. പക്ഷേ, ഒറ്റപ്പെട്ട ചില സംഭവങ്ങളെയും വ്യക്തികളെയും സാധാരണീകരിക്കുകയോ സാർവത്രികവൽക്കരിക്കുകയോ ചെയ്യുമ്പോഴാണ് പ്രശ്നം.

അബ്കാരികളും കള്ളത്തടി വില്ക്കുന്നവരും മായംചേർക്കുന്നവരും കൂട്ടിക്കൊടുപ്പുകാരും പെൺവാണിഭസംഘവും വീടുവിട്ടിറങ്ങിപ്പോകുന്ന പെൺകുട്ടികളുമെല്ലാം ക്രൈസ്തവനാമധാരികളാകുന്നത് പുതിയ കാലത്തിന്റെ മലീമസമായ ചിന്താഗതിയെയും ഗൂഢതന്ത്രങ്ങളെയുമാണോ ലക്ഷ്യമാക്കുന്നത്? ക്രൈസ്തവസമൂഹത്തെയും കുടുംബങ്ങളെയും ഇകഴ്ത്തിക്കാണിക്കാൻ ബോധപൂർവകമായ ശ്രമം ഇതിന്റേപേരിൽ നടക്കുന്നുണ്ടോ? കോട്ടയം കുഞ്ഞച്ചനും സംഘവും ഇറങ്ങിയപ്പോഴത്തെ മതസാമൂഹികസാംസ്കാരികപശ്ചാത്തലമല്ല ഇപ്പോഴുള്ളത്. അന്നതിനെ ഒരു സിനിമയുടെ കച്ചവടതന്ത്രമായിമാത്രം കരുതി വിലയിരുത്തി ആസ്വദിച്ചുപോരുമ്പോഴും ഇന്ന് അത്തരം ശ്രമങ്ങളെ നാം ആശങ്കയോടെ വേണം കാണേണ്ടത്. സദുദ്ദേശപരമല്ലാതെ ഈശോയെന്ന് സിനിമകൾക്കു പേരു നല്കുന്നതും കത്തോലിക്കാസന്ന്യാസത്തിനും ക്രൈസ്തവർക്കും നേരേ ഹിഡൻ അജൻഡകൾ നടപ്പിൽവരുത്തുന്നതുമായ കാലത്തിലൂടെയാണ് നാം കടന്നുപോകുന്നത്. അതുകൊണ്ടുതന്നെയാണ് ഇത്തരം പ്രവണതകളെ ചോദ്യം ചെയ്യേണ്ടിവരുന്നത്.

അനുബന്ധം: കത്തോലിക്കർ മാത്രമല്ല ക്രൈസ്തവരായിട്ടുള്ളത് എന്ന ധാരണ അടുത്തകാലത്ത് ചില സിനിമാക്കാർക്കെങ്കിലും ഉണ്ടായിട്ടുള്ളത് ആശ്വാസകരം തന്നെ. കെട്ട്യോളാണെന്റെ മാലാഖ, ജോജി തുടങ്ങിയ സിനിമകളിൽ അകത്തോലിക്കാവിശ്വാസികളെയും വൈദികരെയും കണ്ടുമുട്ടാൻ സാധിച്ചത് അത്തരമൊരു സൂചനയാണ്.

ഹണീബീ, പാൽത്തൂ ജാൻവർ പോലെയുള്ള സിനിമകളിൽ കത്തോലിക്കാവൈദികരെ അപഹാസ്യമായി ചിത്രീകരിച്ചപ്പോൾ ജോജിയിലും കെട്ട്യോളാണെന്റെ മാലാഖയിലും സ്വാഭാവികമായി പെരുമാറുന്ന വൈദികരാണുള്ളത്. അകത്തോലിക്കനായ ഒരു വൈദികനെ മലയാള സിനിമയിൽ ആദ്യം അവതരിപ്പിച്ചത് എംടിയാണെന്നു തോന്നുന്നു. പവിത്രന്റെ സംവിധാനത്തിൽ മമ്മൂട്ടി നായകനായ ഉത്തരം എന്ന സിനിമയിൽ കരമന ജനാർദനൻനായർ അവതരിപ്പിച്ചത് ഓർത്തഡോക്സ് വൈദികനെയായിരുന്നു.

■

# റബറും റബർബോർഡും കടുംവെട്ടിലേക്ക്



അഡ്വ. വി. സി. സെബാസ്റ്റ്യൻ

**താ**ൻ കുഴിച്ച കുഴിയിൽ താൻതന്നെ വീഴും എന്ന പഴമൊഴി റബർ ബോർഡിന്റെ കാര്യത്തിൽ അല്പം വൈകിയാണെങ്കിലും അന്വർഥമാകുന്നു. കേന്ദ്രസർക്കാരിന്റെ നീതി ആയോഗ് തന്നെ സ്വന്തം വാണിജ്യമന്ത്രാലയത്തിന്റെ നിയന്ത്രണങ്ങൾക്കും ഇഷ്ടാനിഷ്ടങ്ങൾക്കും കീഴ്പ്പെട്ട് വ്യവസായികളുടെ താത്പര്യം സംരക്ഷിച്ച് റബർബോർഡിനെ കടുംവെട്ടു നടത്തി അരിഞ്ഞുവീഴ്ത്താനൊരുങ്ങുന്നു. നീതി ആയോഗിന്റെ അടുത്തനാളിൽ പുറത്തുവന്ന നിർദേശങ്ങൾ റബർബോർഡ് ഉൾപ്പെടെ വിവിധ അഗ്രിബോർഡുകളുടെ അന്ത്യം കുറിക്കുന്നതാണ്. കർഷകനെ മറന്ന് വ്യവസായികളുടെ പാദസേവകരായി മാറിയ ബോർഡിന്റെ പ്രവർത്തനവൈകല്യങ്ങൾക്കുള്ള തിരിച്ചടി ഒരു പുനർചിന്തയ്ക്കുള്ള അവസരമാണ്. കർഷകർ സംരക്ഷണകവചമൊരുക്കുന്നില്ലെങ്കിൽ റബർബോർഡ് കോർപ്പറേറ്റുകളുടെ കൈകളിലെ കളിപ്പാട്ടമാകുമെന്നു മാത്രമല്ല ചരിത്രവുമാകും. റബർകൃഷി നഷ്ടക്കച്ചവടമെന്നു തിരിച്ചറിഞ്ഞ് മരങ്ങൾ ചുവടെ വെട്ടിമാറ്റാൻ ഒരുങ്ങി കർഷകർ. അതേസമയം, റബർബോർഡിനെ കടും വെട്ടാനൊരുങ്ങി കേന്ദ്രസർക്കാരും. ഇതിനിടയിൽ കേരളത്തിലെ കാർഷിക സമ്പദ്വ്യവസ്ഥിതിയുടെ അടിത്തറയിളകുന്നത് ആരും കാണാതെപോകുന്നു

**കർഷകസൗഹൃദ ചരിത്രമുണ്ടായിരുന്നു**

റബർകർഷകരെ നെഞ്ചോടുചേർത്തു നിർത്തി സംരക്ഷിച്ച റബർബോർഡിന്റെ നല്ലകാലമിന്ന് ചരിത്രമാണ്. 1995 വരെ റബറിന്റെ വളർച്ചയുടെ സുവർണകാലമെന്നു പറയാം. കൃഷിക്കാരോടൊപ്പം സഞ്ചരിക്കുന്ന റബർബോർഡിലെ ഫീൽഡ് ഓഫീസർമാർ നിറഞ്ഞുനിന്ന് കർഷകനു കരുത്തും പ്രതീക്ഷയുമേകി. ഉത്പാദനം, വിപണനം, പുത്തൻകൃഷിരീതികളുടെ പരിചയപ്പെടുത്തൽ, പുതിയ തൈകളുടെ ഗവേഷണവും ഉത്പാദനവും, വ്യവസായ പ്രോത്സാഹനപദ്ധതികൾ, ആവർത്തനക്കൃഷി-പുതുക്കൃഷി സഹായധനം, ക്ഷേമപദ്ധതികളുടെ കൃത്യമായ വിതരണം ഇവയെല്ലാം ഒരു തലമുറ റബർകർഷകനേകിയ ഊർജം വളരെ വലുതാണ്. റബർബോർഡ് കർഷകരുടെ സംരക്ഷകരാണെന്നുള്ള ബോധ്യം മാത്രമല്ല റബർബോർഡ് തങ്ങളുടേതാണെന്ന വികാരവും കർഷകരിൽ പ്രതീക്ഷകളുണർത്തി. വിപണിവിലയിൽ ഇടപെടൽ നടത്തുന്നതിലും ഇറക്കുമതി നിയന്ത്രിക്കുന്നതിലും ഇറക്കുമതിച്ചുങ്കം ഉയർത്തി നിർത്തി ആഭ്യന്തരകർഷകരെ സംരക്ഷിക്കുന്നതിലും റബർബോർഡ് രണ്ടരപ്പതിറ്റാണ്ടു മുമ്പു നടത്തിയ ശ്രമങ്ങൾ ആർക്കും നിഷേധിക്കാനാവില്ല. ഇക്കാലയളവിൽ ഇന്ത്യയിലെ ആഭ്യന്തര ഉത്പാദനത്തിൽ റബറിന്റെ 95 ശതമാനം ഉത്പാദനം നടത്തുന്ന കേരളത്തിനു വൻകുതിപ്പിന്റെ അവസരവുമായിരുന്നു.

**റബർ കർഷകരെ ചതിച്ചതാര്?**

1995 ൽ നരസിംഹറാവുസർക്കാരിന്റെ ഭരണകാലത്ത് ലോകവ്യാപാരക്കരാറിൽ റബറിനെ വ്യാവസായിക അസംസ്കൃതവസ്തുവായി ഇന്ത്യ നിർദേശിച്ച് ഉണക്കറബറിന്റെ ഇറക്കുമതിച്ചുങ്കം പരമാവധി 25 ശതമാനമായി കുറച്ച് അനിയന്ത്രിത ഇറക്കുമതിക്കു കളമൊരുക്കിയപ്പോൾ കേന്ദ്ര വാണിജ്യമന്ത്രാലയവും റബർബോർഡും കർഷകനെ തള്ളിപ്പറയാൻ തുടങ്ങി. വാണിജ്യമന്ത്രാലയത്തിന്റെ ഈ കർഷകവിരുദ്ധ തീരുമാനത്തിനുപിന്നിൽ അഥവാ വ്യവസായികളുടെ താത്പര്യം സംരക്ഷിക്കാൻ വാണിജ്യമന്ത്രിയായിരുന്ന പി. ചിദംബരം ഒരുക്കിയ അജണ്ടകൾക്കുമുമ്പിൽ റബർബോർഡും നോക്കുകുത്തിയായി. തുടർന്ന് 2009 ൽ മൻമോഹൻസിംഗ് സർക്കാർ ആസിയാൻ സ്വതന്ത്ര വ്യാപാരക്കരാറിൽ ഒപ്പുവച്ച് ഇന്തോനേഷ്യ, തായ്‌ലണ്ട്, മലേഷ്യ തുടങ്ങിയ ആസിയാൻ രാജ്യങ്ങളിൽനിന്ന് റബർ ഒഴുകിയെത്തിയപ്പോൾ വൻപ്രഹരമേറ്റത് കേരളത്തിന്റെ റബർമേഖലയ്ക്കാണെന്നും ഇതിനു കളമൊരുക്കിയത് വാണിജ്യമന്ത്രാലയത്തിന്റെ കീഴിൽ നിലവിൽ തുടരുന്ന റബർബോർഡാണെന്നുമുള്ള ചരിത്രം നാം ബോധപൂർവ്വം മറക്കരുത്.

**വിപണിവിലയിലെ അട്ടിമറി**

റബർബോർഡിന്റെ പ്രവർത്തനവൈകല്യങ്ങൾ ചൂണ്ടിക്കാട്ടുന്നതിൽ തെറ്റില്ല. പക്ഷേ, റബർബോർഡിനെ ഇല്ലാതാക്കുന്ന നിയമനിർമാണങ്ങൾ പ്രതിവിധിയല്ല. പോരായ്മകൾ ഉയർത്തപ്പെടുമ്പോൾ തിരുത്തലുകൾക്കു വിധേയമാകണം. റബർ ബോർഡ് തങ്ങളുടെ പിന്നിലുള്ള പ്രധാന ശക്തികേന്ദ്രമായ കർഷകനെ മറന്നുവെന്നു മാത്രമല്ല കർഷകരിൽനിന്നകന്നു. എക്കാലവും സംരക്ഷണകവചമൊരുക്കിയത് കർഷകനായിരുന്നുവെന്നത് റബർബോർഡിലെ പുതുസാരഥികൾ വിസ്മരിച്ചു. കർഷകന്റെ ഉത്പന്നത്തിനു ന്യായവില ഉറപ്പാക്കാൻ റബർബോർഡിന് ഇതുവരെയും സാധിച്ചിട്ടുണ്ടോ? ഒരുകിലോ ഉണക്കറബർ ഷീറ്റിന്റെ 2016 ലെ ഉത്പാദനച്ചെലവ് 172 രൂപയെന്ന് റബർബോർഡിന്റെ പ്രഖ്യാപിതകണക്കുണ്ട്. ഇതനുസരിച്ച് ലാഭവിഹിതംകൂടി കണക്കാക്കി ഒന്നര ഇരട്ടി വിപണിവില നിശ്ചയിച്ച് നടപ്പിലാക്കാൻ 2022 ൽ പോലും റബർബോർഡിന് ഇടപെടൽ നടത്താനാവാത്തപ്പോൾ ബോർഡിനെ വെള്ളാനകളുടെ ഗണത്തിൽപ്പെടുത്തി സംരക്ഷിക്കാൻ കർഷകർ മടിക്കും. ഇന്നും റബർകൃഷി സംബന്ധിച്ച് വിപുലമായ പ്രഖ്യാപനങ്ങൾ റബർബോർഡ് നടത്തുന്നുണ്ടാകാം. രോഗങ്ങളും പ്രതിരോധമരുന്നുകളും കൃഷിരീതികളിലെ മാറ്റങ്ങളും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ സാധ്യതകളും റബർ മീറ്റും ഒക്കെ നല്ലതുതന്നെ. പക്ഷേ, ഇതൊന്നുമല്ല കർഷകന്റെ മുന്നിലുള്ളത്. ഉത്പന്നത്തിന് ന്യായവില ലഭിക്കണം. ഇന്നത്തെ അവസ്ഥയിൽ ന്യായവിലയുടെ കാര്യത്തിൽ റബർബോർഡ് കൈമലർത്തുകമാത്രമല്ല ഒളിച്ചോട്ടം നടത്തുകകൂടി ചെയ്യുന്നു. വൻകിടവ്യവസായികളുടെ ഇംഗിതത്തിനനുസരിച്ചുമാത്രം റബർബോർഡ് പ്രവർത്തിക്കുന്നതു കർഷകർ തിരിച്ചറിയുന്നു. ഉത്പാദനച്ചെലവിനനുസരിച്ച് ന്യായവില ലഭ്യമാക്കിയാൽ കർഷകർ റബർബോർഡിനെ



അംഗീകരിക്കും. രാഷ്ട്രീയവ്യവസായികളുടെ ഇഷ്ടക്കാരെ കുത്തിനിറച്ച് കർഷകസ്നേഹം പ്രസംഗിക്കുന്ന റബർബോർഡിന്റെ ഭരണസംവിധാനമായ ഡയറക്ടർബോർഡിനും ന്യായവില കർഷകർക്കുറപ്പാക്കാനാവുമോ?

**വ്യവസായികളുടെ കൈകളിലെ കളിപ്പാട്ടം**

നീതി ആയോഗിന്റെ നിർദേശങ്ങൾ റബർ മേഖലയെ കോർപ്പറേറ്റുകളുടെ കൈകളിലേക്കു തള്ളിവിടുമെന്നാണ് പലരും വിലപിക്കുന്നത്. ഇത് വസ്തുതയും ശരിയുമാണ്. ഇപ്പോൾത്തന്നെ റബറിനെ നിയന്ത്രിക്കുന്നത് വ്യവസായികളും കോർപ്പറേറ്റുകളുമല്ലേയെന്ന മറുചോദ്യത്തിന് ഉത്തരമുണ്ടോ? റബറിന്റെ വിപണിവില നിശ്ചയിക്കുന്നതാര്? അനിയന്ത്രിത ഇറക്കുമതിക്ക് കുടപിടിക്കുന്നതാര്? ഇറക്കുമതിച്ചുങ്കം 25 ശതമാനമായി വെട്ടിക്കുറച്ചതാർക്കുവേണ്ടി? കൃഷിഭൂമിയിൽനിന്നു കർഷകനുത്പാദിപ്പിക്കുന്ന റബറിനെ വ്യവസായ അസംസ്കൃത വസ്തുവാക്കിയതാര്? ലാറ്റക്സിന്റെ ഇറക്കുമതിച്ചുങ്കം എടുത്തുകളയണമെന്നു പദ്ധതി സമർപ്പിച്ചതാര്? റബർകൃഷിക്കുള്ള സഹായധനത്തിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്കും കേരളത്തിനും രണ്ടു നീതി നടപ്പിലാക്കിയതും തുടരുന്നതാര്? റബർവിപണിവില തകർന്നിട്ടും ഇടപെടലുകളും നടപടികളുമില്ലാതെ ഒളിച്ചോട്ടം നടത്തുന്നതുമാര്? കർഷകരെ മറന്ന് വ്യവസായികൾക്ക് ഒത്താശചെയ്ത് കുറഞ്ഞ ചെലവിലും വിലയിലും അസംസ്കൃത റബർവ്യവസായികൾക്ക് എത്തിച്ചുകൊടുക്കുന്ന ഇടനിലക്കാരുടെ റോൾ ഭംഗിയായി നടത്തുന്ന റബർബോർഡ് കർഷകരിൽനിന്നകന്ന് ഒളിച്ചോടി കോർപ്പറേറ്റുകളുടെ കൈകളിലാണെന്നുള്ളത് കൺമുമ്പിൽ കാണുന്ന സത്യമല്ലേ?

**റബർനിയമങ്ങൾ കാറ്റിൽ പറത്തി**

75 വർഷം പഴക്കമുള്ള 'റബർ ആക്ട് 1947' ഇല്ലാതാക്കി പുതിയ 'റബർ (പ്രോത്സാഹനവും വികസനവും) ബിൽ 2022' നടപ്പിലാക്കാനുള്ള നീക്കങ്ങൾ അണിയറയിലൊരുങ്ങുമ്പോഴാണ് നീതി ആയോഗിന്റെ പുതിയ ശിപാർശകൾ. 2022 ലെ നിയമനിർദേശങ്ങൾതന്നെ റബർബോർഡിന്റെ പ്രവർത്തനങ്ങൾക്കു കടിഞ്ഞാണിടുന്നതാണ്. പ്രായോഗികതലത്തിൽ പരാജയപ്പെടുമ്പോഴും നിലവിലുള്ള നിയമങ്ങൾ ചെറുകിട കർഷകനു പിടിവള്ളിയായിരുന്നു. 1947 ലെ റബർനിയമങ്ങൾ പലതും കൃഷിവ്യാപനത്തിനും കൃഷിക്കാരുടെ താത്പര്യത്തിനും മുൻഗണനയുള്ളതാണ്. റബർബോർഡിന്റെ സ്വയംഭരണാവകാശം ഇല്ലാതാക്കി വാണിജ്യമന്ത്രാലയത്തെ നിയന്ത്രിക്കുന്ന രാജ്യാന്തര കോർപ്പറേറ്റുകളിലേക്കും വ്യവസായികളിലേക്കും കാര്യങ്ങൾ എത്തിച്ചേരുന്ന 2022 ലെ റബർ ആക്ടിന് പിന്തുണയേകുന്നതാണ് നീതി ആയോഗിന്റെ പുതിയ കണ്ടെത്തലുകൾ. ഇക്കാര്യത്തിൽ ശക്തമായ ഇടപെടലുകൾ നടത്താനോ രാഷ്ട്രീയത്തേക്കാളുപരി ആത്മാർത്ഥമായ കർഷകസമീപനം സ്വീകരിക്കാനോ രാഷ്ട്രീയ ഭരണനേതൃത്വങ്ങൾക്കോ ജനപ്രതിനിധികൾക്കോ സാധിക്കുന്നില്ലെന്നുള്ളതും റബർകർഷകർ തിരിച്ചറിയുന്നു.

**നീതി ആയോഗിന്റെ ലക്ഷ്യമെന്ത്?**

കാർഷികമേഖലയോടു ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കേന്ദ്രസർക്കാരിന്റെ കീഴിലുള്ള വിവിധ അഗ്രിബോർഡുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പഠനറിപ്പോർട്ടാണ് ഇപ്പോഴത്തെ റബർബോർഡ് നീതി ആയോഗ് വിവാദങ്ങൾക്കു പ്രധാനകാരണം. റബർബോർഡുമായി മാത്രം ബന്ധപ്പെട്ട പഠനമല്ലിത്. കോഫി, സ്പൈസസ് തുടങ്ങി ഇതര ബോർഡുകളുടെ പ്രവർത്തനങ്ങളും ഭാവിയും പഠനവിഷയത്തിൽപ്പെടുന്നു. കാർഷികമേഖലയുടെ വളർച്ചയ്ക്കായി സർക്കാർ വിവിധ പദ്ധതികൾ പ്രഖ്യാപിക്കുന്നു. എന്നാൽ, റബർ, കാപ്പി, തേയില തുടങ്ങിയ വിവിധ ഉത്പന്നങ്ങളുടെ ഉത്പാദനം വർദ്ധിക്കുന്നില്ല. സർക്കാർ പദ്ധതികൾ കൃഷിക്കാരിൽ സമയബന്ധിതമായി എത്തിക്കുന്നതിൽ വിവിധ ബോർഡുകളും ഏജൻസികളും പരാജയപ്പെട്ടതെങ്ങനെ? പദ്ധതികളുടെ ഫണ്ടുവിനിയോഗം, പ്രവർത്തനച്ചെലവുകൾ, ബോർഡുകളുടെ ഭരണകാര്യക്ഷമത, ജീവനക്കാരുടെ പ്രവർത്തനനൈപുണ്യം, പദ്ധതി ഏകോപനത്തിലെ പാളിച്ചകൾ എന്നിവയൊക്കെ നീതി ആയോഗ് പഠനവിഷയമാക്കി. റബർ ബോർഡ് ഉൾപ്പെടെയുള്ള വിവിധ അഗ്രിബോർഡുകളുടെ പ്രവർത്തനപരാജയമാണ് ഓരോ വിഭാഗങ്ങൾക്കായി പ്രത്യേകം ബോർഡുകളുടെ ആവശ്യമില്ലെന്നും വാണിജ്യമന്ത്രാലയത്തിന്റെ പ്ലാനിങ് ഡിപ്പാർട്ട്മെന്റ് നേരിട്ടു നടത്തിയാൽ ഇതിൽക്കൂടുതൽ നേട്ടങ്ങളുണ്ടാക്കാമെന്നും വൻ ചെലവുകുറയ്ക്കാമെന്നുമുള്ള നിഗമനത്തിൽ നീതി ആയോഗ് എത്തിച്ചേരാൻ കാരണം. റബർ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഒരു പൊളിച്ചെഴുത്ത് വേണമെന്ന് ആത്മാർഥമായി ആഗ്രഹിക്കുന്നവരാണ് റബർകർഷകർ. മാറ്റങ്ങളാവട്ടെ, റബർമേഖലയെ കോർപ്പറേറ്റുകൾക്കും വ്യവസായികൾക്കും തീറെഴുതിയല്ല; മറിച്ച്, കർഷകരെ സംരക്ഷിച്ചും റബർ സംരംഭങ്ങൾ ശക്തിപ്പെടുത്തിയും വേണമെന്നുമാത്രം.

**ബോർഡിന്റെ കെടുകാര്യസ്ഥത**

നീതി ആയോഗിന്റെ ശിപാർശകളിന്മേൽ കേന്ദ്ര വാണിജ്യമന്ത്രാലയം ആവശ്യപ്പെട്ടതനുസരിച്ച് റബർബോർഡിന്റെ നിലവിലുള്ള പ്രവർത്തനസേവനങ്ങൾ, റബറിന്റെ കയറ്റുമതി, ഇറക്കുമതി, ഉപഭോഗം തുടങ്ങിയവ സംബന്ധിച്ചുള്ള കഴിഞ്ഞകാലങ്ങളിലെയും നിലവിലുള്ളതുമായ കണക്കുകൾ, റബർ കൃഷിയുടെ വിസ്തീർണവും വ്യാപനവും, റബർകർഷകക്ഷേമപദ്ധതികൾ, റബർകർഷകരുടെ എണ്ണം സംബന്ധിച്ചും റിപ്പോർട്ട് ഇതിനോടകം നല്കിയെന്നാണു ലഭ്യമായ സൂചനകൾ.

**വാശികാണിച്ച് തകർക്കരുത്**

13.2 ലക്ഷത്തോളം ചെറുകിടകർഷകരുടെ അത്താണിയും ആശ്രയവുമാണ് റബർകൃഷി. ടാപ്പിങ് തൊഴിലാളികൾ വേറേയും. 8,27,000 ഹെക്ടറിൽ റബർകൃഷി ചെയ്യുമ്പോൾ 7,18,800 ഹെക്ടറിലും ഇപ്പോൾ ടാപ്പിങ് നടക്കുന്നു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്ക് റബർകൃഷി വ്യാപിക്കുന്നതിലൂടെ 5,00,000 ഹെക്ടർ പുതുകൃഷി വേറേയുമാകും. ഇന്ത്യയിലെ റബറുത്പാദനത്തിന്റെ 92 ശതമാനവും ചെറുകിട റബർകർഷകരിൽനിന്നാണ്. ആകെ റബറുത്പാദനത്തിന്റെ 80 ശതമാനവും കേരളത്തിൽനിന്നും. 2544 റബർ ഉത്പാദകസംഘങ്ങളും 17 റബർബോർഡ് കമ്പനികളും 8309 അംഗീകൃതവ്യാപാരികളും 456 റബർ സംസ്കരണശാലകളുമുള്ള വലിയ ഒരു സംവിധാനത്തെ ഒറ്റയടിക്ക് ഇല്ലാതാക്കുന്നത് ആത്മഹത്യാപരമായിരിക്കും. അതിനാൽത്തന്നെ നീതി ആയോഗിന്റെ നിർദേശങ്ങളിൽ പുനർചിന്ത നടത്തി, കൂടുതൽ പഠനങ്ങൾക്കു വിധേയമാക്കി, നിലവിലുള്ള സംവിധാനങ്ങളിലെ പ്രവർത്തന നടത്തിപ്പിലും ഭരണവൈകല്യങ്ങളിലും തിരുത്തലുകളാണു വേണ്ടത്.

■

# തനിയാവർത്തനം

കഥ



തങ്കച്ചൻ റ്റി. കല്ലൂർക്കുളം

**ജോ**സഫ്ചേട്ടൻ കൊച്ചുമക്കളോടൊപ്പം പറമ്പിലൂടെ നടക്കുകയാണ്. വിദേശത്തു ഫ്ളാറ്റിൽ താമസിക്കുന്ന അവർക്ക് വല്യപ്പച്ചന്റെ ഓടുമേഞ്ഞ പഴയ വീടും കൃഷിയിടവുമെല്ലാം വളരെ ഇഷ്ടമായി. നാട്ടിൻപുറത്തുള്ള എല്ലാവിധ കൃഷിയും ജോസഫ്ചേട്ടന്റെ പറമ്പിലുണ്ട്. അവയെക്കുറിച്ചൊക്കെ കൊച്ചുമക്കൾക്കു സംശയങ്ങളാണ്. അതെല്ലാം പറഞ്ഞുകൊടുത്ത് അവരോടൊപ്പം നടക്കുമ്പോൾ വലിയ സന്തോഷം അനുഭവിക്കുന്നു അദ്ദേഹം. ജോസഫ്ചേട്ടൻ അനുഭവിക്കുന്നത്. രണ്ടാഴ്ചയായി ആ സന്തോഷത്താൽ നിറഞ്ഞ മനസ്സാണ് ജോസഫ്ചേട്ടന്.

മൂന്നുവർഷംകൂടിയാണ് മക്കൾ മൂന്നുപേരും കുടുംബമായി തറവാട്ടിലെത്തുന്നത്. ക്രിസ്മസിനും ഈസ്റ്ററിനുമൊക്കെ വരാൻ 'ലീവില്ല' എന്ന ഒരു സന്ദേശം മാത്രമാണ് മക്കൾ ഫോണിലൂടെ നല്കാറുണ്ടായിരുന്നത്.

വാർദ്ധക്യം അത്രയൊന്നും ആരോഗ്യത്തെ കീഴ്പ്പെടുത്താത്തതുകൊണ്ട് സ്വന്തം കാര്യങ്ങൾക്കു പുറമേ പണിക്കാരോടൊപ്പം കുറേശ്ശേ പണിയാനും ജോസഫ്ചേട്ടനു സാധിക്കുന്നുണ്ട്. വർഷങ്ങളായി ഒറ്റയ്ക്കാണു ജീവിക്കുന്നതെങ്കിലും അപ്പനെ തനിച്ചാക്കി വിദേശത്ത് എങ്ങനെ മനസ്സമാധാനത്തോടെ കഴിയുമെന്ന പരാതി ഈ അടുത്തനാളുകളിലാണ് മക്കൾ ഉന്നയിച്ചുതുടങ്ങിയത്. അതിനു പരിഹാരമായി അവർ കണ്ട ഉപായത്തോട് ജോസഫ്ചേട്ടന് ഇത്രയുംനാൾ യോജിപ്പുണ്ടായിരുന്നില്ല. കാരണം, ജോസഫ്ചേട്ടന്റെ മനസ്സിൽ ഒരു ആഗ്രഹമുണ്ടായിരുന്നു.

ഇടവകപ്പള്ളിയിലെ കുടുംബക്കല്ലറയിലുറങ്ങുന്ന ത്രേസ്യാമ്മയോടൊപ്പം തനിക്കും അന്ത്യവിശ്രമംകൊള്ളണം. ത്രേസ്യാമ്മ തനിക്കു ഭാര്യമാത്രമായിരുന്നില്ല. തന്റെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഊർജമായിരുന്നു. മക്കളുടെ ആവശ്യപ്രകാരം വീടും പറമ്പും വിറ്റ് അന്യനാട്ടിലേക്കു പോയാൽ ആ ആഗ്രഹം സഫലമാകാതെപോകുമെന്ന് ജോസഫ്ചേട്ടനറിയാമായിരുന്നു.

ജനിച്ചുവളർന്ന വീടും പറമ്പും നഷ്ടപ്പെടുന്നതിന്റെ വേദനയുടെ ആഴം മക്കൾക്കു മനസ്സിലാവില്ല. അവർ പഴയ തറവാടിനെയും മണ്ണിനെയും അത്രയ്ക്കൊന്നും സ്നേഹിക്കുന്നില്ല. പാശ്ചാത്യജീവിതശൈലിയിൽ പഴമയ്ക്കൊക്കെ എന്തു സ്ഥാനമെന്നു കരുതി സമാധാനിക്കുകയാണ് ജോസഫ്ചേട്ടൻ.

വീടും നാടുംവിട്ട് പോകുന്നതോർക്കുമ്പോൾ ഹൃദയം മുറിയുന്നതുപോലെയാണ്.



തന്റെ അപ്പനും ഇതുപോലെ വേദനിച്ചിട്ടുണ്ടാവില്ലേ?

ആ വേദന എത്ര വലുതായിരുന്നുവെന്ന് ബോധ്യപ്പെടുന്നതിപ്പോഴാണ്.

വീടും പറമ്പും വിൽക്കാൻ സമ്മതിച്ചപ്പോൾ മക്കൾക്ക് സമയവും സാഹചര്യവുമുണ്ടായി. ഒട്ടും സമയമില്ലെന്നു പറയുന്ന മകൾതന്നെയാണ് ഭർത്താവിനെയും മക്കളെയുംകൂട്ടി ആദ്യമെത്തിയത്. തൊട്ടടുത്തദിവസം ആൺമക്കൾ രണ്ടുപേരുമെത്തി. വില്പനയും നടപടികളുമൊക്കെ കഴിഞ്ഞു. ഇന്ന് വീട്ടിൽനിന്നു മാറിക്കൊടുക്കേണ്ട ദിവസമാണ്.

അത്യാവശ്യംവേണ്ട തുണികളൊക്കെ ബാഗിൽ എടുത്തുവച്ചു. ആരാണ് തന്നെ കൊണ്ടുപോകുന്നതെന്നു പറഞ്ഞിട്ടില്ല. ആരോടൊപ്പമാണെങ്കിലും സമ്മതമാണ്. ക്കളെല്ലാവരും തനിക്കൊരുപോലെയാണ്.

ഫർണിച്ചറൊന്നും ആവശ്യമില്ലാത്തതുകൊണ്ട് അതെല്ലാമുൾപ്പെടെയായിരുന്നു വില്പന.

ഉച്ചകഴിഞ്ഞാണ് എല്ലാവരുടെയും മടക്കയാത്ര. അവരിലൊരാളോടൊപ്പം താനും; താൻ സ്നേഹിക്കുകയും തന്നെ സ്നേഹിക്കുകയും ചെയ്യുന്ന നാടിനെയും നാട്ടുകാരെയും വീടും പറമ്പും വിട്ടുപോകണം. നെഞ്ചുവിങ്ങിപ്പിടഞ്ഞപ്പോൾ ജോസഫ്ചേട്ടന് ഒന്നു പൊട്ടിക്കരയണമെന്നു തോന്നി. കൊച്ചുമക്കൾ കാണാതെ തൊടിയിലെ പൊയ്കയിൽ കാലും കൈയും കഴുകാനെന്ന വ്യാജേന പോയിരുന്നു കരഞ്ഞു. അദ്ദേഹം നട്ടുവളർത്തിയ എല്ലാ സസ്യവൃക്ഷാദികളും ജോസഫ്ചേട്ടന്റെ വേദന തിരിച്ചറിഞ്ഞു. അവയുടെ ദുഃഖം ജോസഫ്ചേട്ടനെ വലംവച്ചു നിന്നു.

ആ സമയം അപ്പനെ ആരു കൊണ്ടുപോകുമെന്ന കാര്യത്തിൽ മക്കൾ ഒരു ചർച്ച നടത്തി. അപ്പനെ കൂടെത്താമസിപ്പിക്കാനുള്ള സാഹചര്യം ആർക്കുമില്ല. അതിനുള്ള കാരണം ഓരോരുത്തരും മത്സരബുദ്ധിയോടെ സമർഥിച്ചു.

ഇനി ഒരു വഴി മാത്രമേ മക്കളുടെ മുന്നിൽ ശേഷിക്കുന്നുള്ളൂ.

ഓൾഡേജ് ഹോം!

മടിച്ചുമടിച്ചാണെങ്കിലും മക്കൾ വിവരം അവതരിപ്പിച്ചപ്പോൾ ജോസഫ്ചേട്ടന്റെ ഉള്ളുതകർന്നു. വേദന നിറഞ്ഞതെങ്കിലും ഒരു പുഞ്ചിരികൊണ്ട് അതിനു മറയിടാൻ ശ്രമിച്ചത് അത്ര വിജയിച്ചില്ല.

ഓൾഡേജ് ഹോമിലേക്കു പോകുന്നതിന് ഒരു നിബന്ധന മാത്രം ജോസഫ്ചേട്ടൻ മുന്നോട്ടുവച്ചു.

വൃദ്ധസദനത്തിന്റെ പടികയറുമ്പോൾ കൈകാലുകൾക്ക് ഒരു വിറയൽപോലെ ജോസഫ്ചേട്ടനു തോന്നി. വിസിറ്റിങ് റൂമിലെ കസേരയിലിരിക്കാൻ നിർദ്ദേശിച്ചിട്ട് മകൻ ഡയറക്ടറുടെ മുറിയിലേക്കു കയറി. ഡയറക്ടറുമായി സംസാരിക്കുന്നത് ജോസഫ്ചേട്ടനു കേൾക്കാമായിരുന്നു.

"റൂമൊന്നും ഒഴിവില്ലാത്തതുകൊണ്ട് പുതിയ അഡ്മിഷൻ ഇപ്പോൾ സ്വീകരിക്കുന്നില്ല. നിങ്ങൾ മറ്റെവിടെയെങ്കിലും ശ്രമിക്കൂ." ഡയറക്ടർ പറഞ്ഞു.

"ഇവിടെത്തന്നെ വേണമെന്ന് അപ്പനു നിർബന്ധമാണ്. അതുകൊണ്ട് എങ്ങനെയെങ്കിലും ഒന്ന് അഡ്ജസ്റ്റ് ചെയ്ത് കുറച്ചുനാളത്തേക്കെങ്കിലും അപ്പനെ ഇവിടെ താമസിപ്പിക്കണം. ഞങ്ങൾ മക്കളെല്ലാവരും ഇന്നു മടങ്ങിപ്പോകുകയാണ്. അപ്പനെ കൊണ്ടുപോകാനുള്ള സാഹചര്യം ആർക്കുമില്ല. അതുകൊണ്ടാണു സാർ."

"ഇവിടെ ഒരു റൂമിൽ ഒരാളെയേ അനുവദിക്കൂ. തീരെ കിടപ്പിലായവർക്കുമാത്രം ഒരു ബൈസ്റ്റാൻഡറെ ഞങ്ങൾ നിയമിക്കും. ആ സ്റ്റേജിൽ ഒരാൾ മാത്രമേ ഇവിടെയൊള്ളൂ."

ജോസഫ്ചേട്ടൻ എഴുന്നേറ്റ് ഡയറക്ടറുടെ മുറിയിലേക്കു വന്നു.

"ഇതാണു സാർ അപ്പൻ." മകൻ പരിചയപ്പെടുത്തി.

"ഇരിക്കൂ.' ഡയറക്ടർ പറഞ്ഞു.

ജോസഫ്ചേട്ടൻ മകന്റെ അടുത്തുകിടന്ന കസേരയിലിരുന്നു. "സാർ, ആ കിടപ്പിലായ ആളെ ഞാൻ നോക്കിക്കോളാം. അങ്ങനെയാകുമ്പോൾ എനിക്കും ആ മുറിയിൽ താമസിക്കാമല്ലോ."

"അതിനൊക്കെ ഇവിടെ ആളുണ്ട്."

"അത് എന്റെ ഒരാഗ്രഹമായി കരുതി അനുവദിക്കണം സാർ."

"അതെന്താ ചേട്ടനങ്ങനെയൊരാഗ്രഹം?"

"വർഷങ്ങൾക്കുമുമ്പ് ഞാനിവിടെ കൊണ്ടുവന്നാക്കിയ എന്റെ അപ്പൻതന്നെയാണു സാർ ആ കിടപ്പിലായ ആൾ!"

അവിശ്വസനീയതയോടെയും അതിലേറെ അദ്ഭുതത്തോടെയും ഡയറക്ടർ നോക്കിയപ്പോൾ ജോസഫ്ചേട്ടന്റെ ശിരസ്സ് സാവധാനം കുനിഞ്ഞുപോയി.

■

# സാംസൺ പാലാ ഇനി ഓർമകളിൽ

ഫോട്ടോഗ്രാഫർ, ചിത്രകാരൻ, ഗായകൻ, സഞ്ചാരി, എഴുത്തുകാരൻ, സർവോപരി മനുഷ്യസ്നേഹി എന്നീ നിലകളിൽ തിളക്കമാർന്ന വ്യക്തിത്വത്തിനുടമയായിരുന്ന സാംസൺ പാലാ (കെ.വി. ദേവസ്യാ കണ്ടത്തിൽ) ഓർമയായി. ഡിസംബർ 24 ന് അന്തരിച്ച അദ്ദേഹത്തിന് എൺപത്തിയൊന്നു വയസ്സായിരുന്നു.

ചെറുപ്പത്തിൽത്തന്നെ ഫോട്ടോഗ്രാഫറായും ചിത്രകാരനായും അറിയപ്പെട്ട സാംസൺ, തൃപ്പൂണിത്തുറ ആർ.എൽ.വി. സംഗീത അക്കാദമിയിൽനിന്നു ഗാനഭൂഷണം പാസായി. കലാഭവൻ ഉൾപ്പെടെയുള്ള വിവിധ ഗാനമേളട്രൂപ്പുകളിൽ സ്ഥിരം ഗായകനായി മാറി. കലാഭവൻ ഡയറക്ടറായിരുന്ന ഫാ. ആബേൽ സി.എം.ഐ., യേശുദാസ്, പി. ലീല തുടങ്ങിയവരുടെ പ്രോത്സാഹനം സംഗീതരംഗത്ത് സാംസണ് കരുത്തായി. ഫോട്ടോഗ്രാഫറായി സിനിമാരംഗത്തും പ്രവർത്തിച്ചിട്ടുണ്ട്. പാലായിലാദ്യമായി ഒരു വീഡിയോഗ്രാഫിക് സ്റ്റുഡിയോ സാംസൺ ഫോട്ടോസ് എന്ന പേരിൽ സ്ഥാപിച്ചതും സാംസണായിരുന്നു.

യാത്രകളെ ഏറെ ഇഷ്ടപ്പെട്ടിരുന്ന സാംസൺ വിവിധ രാജ്യങ്ങളിലെ പക്ഷികളുടെ അപൂർവ ചിത്രങ്ങളെടുക്കുന്നതിനുവേണ്ടി ഒരു ദേശാടനക്കിളിയെപ്പോലെ



148 രാജ്യങ്ങളിൽ പറന്നു. താനെടുത്ത ചിത്രങ്ങൾ ദീപനാളത്തിലും ദീപികയിലും തുടർച്ചയായി പ്രസിദ്ധീകരിച്ചു. ഇതു സംബന്ധിച്ച നിരവധി ഫോട്ടോ ആൽബങ്ങളും സാംസൺ തയ്യാറാക്കിയിട്ടുണ്ട്.

സാംസൺ പാലാ നല്ലൊരു ചിത്രകാരനായിരുന്നു. അദ്ദേഹം വരച്ച നിരവധി ചിത്രങ്ങൾ വിവിധ പ്രസിദ്ധീകരണങ്ങളിലായി പ്രകാശിതമായിട്ടുണ്ട്. അമേരിക്കൻ പ്രസിഡന്റായിരുന്ന ജോൺ എഫ് കെന്നഡിയുടെ ചിത്രം സാംസൺ തന്റെ പതിമൂന്നാം വയസ്സിൽ വരച്ച് അയച്ചുകൊടുക്കുകയും, പ്രസിഡന്റിന്റെ കൈപ്പടയിലെഴുതിയ അഭിനന്ദനക്കുറിപ്പ് മറുപടിയായി ലഭിച്ചത് സാംസൺ നിധിപോലെ സൂക്ഷിക്കുകയും ചെയ്തിരുന്നു.

ലോകത്തിലെ വിവിധ ഭൂഖണ്ഡങ്ങളിലൂടെ സാംസൺ നടത്തിയ അതിസാഹസികയാത്രയുടെ നേർക്കാഴ്ചകൾ ദീപനാളത്തിൽ 'സഞ്ചാരം' എന്ന പംക്തിയിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വിദേശയാത്രാനുഭവങ്ങൾ 'ലോകാദ്ഭുതങ്ങളുടെ നാട്ടിലൂടെ' എന്ന പേരിൽ ദീപനാളം പബ്ലിക്കേഷൻസ് പുസ്തകരൂപത്തിൽ ഉടൻ പ്രസിദ്ധീകരിക്കാനിരിക്കേയാണ് അദ്ദേഹത്തിന്റെ പെട്ടെന്നുള്ള വിയോഗം. ജീവിതാന്ത്യംവരെ എഴുത്തിലും വായനയിലും പഠനത്തിലും വ്യാപൃതനായിരുന്നു അദ്ദേഹം. 'ഒരു പാലാക്കാരന്റെ ഹൃദയത്തുടിപ്പുകൾ' സാംസൺ പാലായുടെ അനുഭവക്കുറിപ്പുകളാണ്. ഏതു വായനക്കാരനെയും പിടിച്ചിരുത്തുന്നവയാണ് അദ്ദേഹത്തിന്റെ ജീവിതകഥയും സംഭവബഹുലമായ സ്മരണകളും.

വലിയൊരു സുഹൃദ്ബന്ധത്തിനുടമയായിരുന്നു സാംസൺ. ദീപനാളത്തിന്റെ ചിരകാലസുഹൃത്തും എഴുത്തുകാരനുമായിരുന്ന സാംസൺ പാലായുടെ ഓർമകൾക്കുമുമ്പിൽ പ്രണാമം.

■ ജോയി മുത്തോലി

# ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ


നീതിമാന് വിശപ്പടക്കാൻ വേണ്ടത്ര വകയുണ്ട്; ദുഷ്ടനു പട്ടിണികിടക്കേണ്ടിവരും.

സുഭാഷിതം 13:25

എഡിറ്റോറിയൽ

## അപലപനീയം ഈ സ്ത്രീവിരുദ്ധനയങ്ങൾ

സ്ത്രീശക്തീകരണം ലോകത്തിലെതന്നെ ഏറ്റവും കരുത്തുറ്റ വാക്കായി മാറുമ്പോൾ, പ്രാകൃതമായ സ്ത്രീവിരുദ്ധനയങ്ങൾ താലിബാൻ പ്രാവർത്തികമാക്കുന്നത് അങ്ങേയറ്റം പ്രതിഷേധാർഹവും അപലപനീയവുമാണ്. അഫ്ഗാനിസ്ഥാനിലെ സർവകലാശാലകളിൽ താലിബാൻഭരണകൂടം പെൺകുട്ടികൾക്കു പഠിപ്പുവിലക്കേർപ്പെടുത്തുക മാത്രമല്ല, പെൺകുട്ടികളെ കാമ്പസുകളിൽ പ്രവേശിപ്പിക്കുന്നതു പോലും തടഞ്ഞുകൊണ്ടുള്ള ഉന്നതവിദ്യാഭ്യാസമന്ത്രാലയത്തിന്റെ കിരാതനിയമം പൊതുസർവകലാശാലകളിൽ പ്രാവർത്തികമാക്കിയിരിക്കുകയുമാണിപ്പോൾ. വിവിധ യൂണിവേഴ്സിറ്റികൾ നടത്തിയ പ്രവേശനപ്പരീക്ഷകളിൽ ആയിരക്കണക്കിനു പെൺകുട്ടികൾ വിജയിച്ച് ഭാവിജീവിതം കരുപ്പിടിപ്പിക്കുന്നതിനിടെയാണ് അപ്രതീക്ഷിതമായ പഠിപ്പുവിലക്ക് അവരുടെ സ്വപ്നങ്ങളെ തകർത്തുകളഞ്ഞത്.

ഉന്നതവിദ്യാഭ്യാസത്തിന്റെ ചിറകുകളിൽ പെൺമ ഉയരങ്ങൾ താണ്ടാൻ വെമ്പൽകൊള്ളുമ്പോൾ അഫ്ഗാനിസ്ഥാനിൽനിന്നുവരുന്ന വാർത്തകൾ അക്ഷരാർഥത്തിൽ ലജ്ജിപ്പിക്കുന്നതാണ്. അഫ്ഗാനിസ്ഥാനിൽ ഇരുപതുവർഷത്തെ യു.എസ്. അധിനിവേശത്തിനു ശേഷം കഴിഞ്ഞവർഷം ഓഗസ്റ്റിൽ രാജ്യം പിടിച്ചടക്കിയ താലിബാൻ ലോകത്തോടു വിളിച്ചുപറഞ്ഞത്, സ്ത്രീസ്വാതന്ത്ര്യം കവർന്നെടുക്കില്ലെന്നായിരുന്നു. സ്ത്രീകൾക്കു വിദ്യാഭ്യാസം പാടേ നിഷേധിക്കുന്ന പരമ്പരാഗതനിലപാട് ഉപേക്ഷിക്കുമെന്നും ഉദാരീകരണസമീപനമായിരിക്കുമെന്നും അന്നു താലിബാൻ ഉറപ്പുനല്കിയിരുന്നു. എന്നാൽ, അക്ഷരനിഷേധത്തിന്റെ ചാട്ടവാറുകൾ പെൺകുട്ടികൾക്കു നേരേ ഉയർത്താൻ അധികം കാലതാമസമുണ്ടായില്ല. ഏതാനും മാസംമുമ്പ് സ്കൂളുകൾ തുറന്നപ്പോൾ സെക്കൻഡറി സ്കൂളുകളിൽ പെൺകുട്ടികളുടെ പ്രവേശനം നിഷേധിച്ചതിനു പിന്നാലെയാണ് ഇപ്പോൾ സർവകലാശാലകളിലും സ്ത്രീവിദ്യാഭ്യാസം പാടേ നിരോധിച്ചിരിക്കുന്നത്. വിദ്യാഭ്യാസവും സംസ്കാരവും ഉയർത്തിപ്പിടിക്കുന്ന മനുഷ്യത്വത്തിന്റെ വിരുദ്ധപക്ഷത്തു നിലയുറപ്പിച്ച താലിബാൻ 1966 മുതൽ 2001 വരെയുള്ള അതിന്റെ ആദ്യഭരണകാലത്തെ വീണ്ടും ഓർമിപ്പിക്കുംവിധം അധഃപതിച്ചിരിക്കുകയാണ്. ഇതു തലമുറകളോടുള്ള വെല്ലുവിളിയും കൊടുംക്രൂരതയുമാണ്.

സ്ത്രീകൾ പാർക്കുകളിലോ വിനോദസഞ്ചാരകേന്ദ്രങ്ങളിലോ പോകരുതെന്നു വിലക്കിക്കൊണ്ട് താലിബാൻ ഉത്തരവിട്ടത് കഴിഞ്ഞ മാസമാണ്. അരുതുകളുടെ ചട്ടക്കൂട്ടിൽ സ്ത്രീകളെ തളച്ചിടുന്ന മതാചാരസങ്കല്പങ്ങളും കാഴ്ചപ്പാടുകളും പ്രബലമാണിന്ന്. മുഖം പുറത്തുകാട്ടരുത്, പൊതുസ്ഥലത്തു പോകരുത്, അടുത്ത പുരുഷബന്ധുക്കളില്ലാതെ ദൂരയാത്ര പാടില്ല, പരപുരുഷൻ കേൾക്കുമാറ് ഉച്ചത്തിൽ പെൺസ്വരം പാടില്ല തുടങ്ങി ഒട്ടേറെ നിഷേധാത്മകമായ ചട്ടങ്ങളാണ് മതാചാരത്തിന്റെ മറവിൽ ദുർവ്യാഖ്യാനിച്ച് കാലങ്ങളായി അടിച്ചേല്പിക്കുന്നത്. സ്ത്രീകൾ തനിച്ചു വിമാനയാത്ര നടത്തുന്നതും ഇപ്പോൾ നിരോധിച്ചിട്ടുണ്ട്. മിക്കവാറും ജോലികൾക്കും സ്ത്രീകൾക്കു വിലക്കുണ്ട്. വനിതാകാര്യമന്ത്രാലയം നിറുത്തലാക്കി പകരം 'മൂല്യപ്രചാരണത്തിനും തിന്മകൾ തടയുന്നതിനുമായി' നന്മ-തിന്മമന്ത്രാലയം ആരംഭിച്ചത് കഴിഞ്ഞ വർഷമാണ്.

ലോകമാകെ വിജ്ഞാനവിസ്ഫോടനം നടക്കുമ്പോൾ നട്ടുച്ചയ്ക്ക് ഇരുട്ടുണ്ടാക്കുന്ന തരത്തിലുള്ള വികലമായ വികസനവിരോധവീക്ഷണങ്ങൾ താലിബാൻ ഭരണകൂടം തിരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സ്ത്രീയുടെ ശ്രീത്വം ലോകമൊട്ടാകെ പ്രകീർത്തിച്ച് സ്ത്രീകരങ്ങൾക്കു ശക്തിപകരേണ്ട ആധുനികകാലത്ത് അവരുടെ ജ്ഞാനാർജനത്തെയും പ്രതിഭാശക്തിയെയും തകർക്കുന്ന താലിബാനിസത്തെ ചെറുത്തുതോല്പിക്കാൻ ലോകത്തെ പുരുഷകേസരികൾ കൈകോർത്തേ പറ്റൂ. എട്ടുവർഷംമുമ്പ് സമാധാന നൊബേൽ പുരസ്കാരം സ്വീകരിക്കുമ്പോൾ, മലാല യൂസഫ്സായ് ആത്മവിശ്വാസത്തോടെ പറഞ്ഞത് ഇത്തരുണത്തിൽ ഓർമിക്കാം: "അഞ്ചടി രണ്ടിഞ്ച് ഉയരമുള്ള ഒരേയൊരു പെൺകുട്ടിയായി, ഒറ്റ വ്യക്തിയായി ഞാനിവിടെ കാണപ്പെടുന്നുവെങ്കിലും ഞാൻ ഒരാളല്ല; എന്റേത് ഒരേയൊരാളുടെ സ്വരവുമല്ല. സ്കൂളിൽ പോകാനാവാത്ത ആറരക്കോടിയിലേറെ പെൺകുട്ടികളാണ് ഈ ഞാൻ." ലോകത്തു വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട മുഴുവൻ പെൺകുട്ടികൾക്കും വേണ്ടിയാണ് മലാല അന്നു പുരസ്കാരം ഏറ്റുവാങ്ങിയത്. താലിബാൻഭരണകൂടത്തിന്റെ ഭീകരവാദത്തിനെതിരെയും വിദ്യാഭ്യാസനിഷേധത്തിനെതിരെയും ധീരയായ ആ പെൺകുട്ടി നടത്തിയ അതിസാഹസികപോരാട്ടങ്ങൾക്കു മരണമില്ലെന്ന് ഓർമിക്കുന്നതു നന്ന്. ■

## പ്രഫ. എം.തോമസ് മാത്യുവിനും ചാത്തനാത്ത് അച്യുതനുണ്ണിക്കും കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം


പ്രഫ.എം. തോമസ് മാത്യു


ചാത്തനാത്ത് അച്യുതനുണ്ണി

ന്യൂഡൽഹി: പ്രഫ. എം. തോമസ് മാത്യുവിനും ചാത്തനാത്ത് അച്യുതനുണ്ണിക്കും കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം. ആശാന്റെ സീതായനം എന്ന കാവ്യനിരൂപണഗ്രന്ഥത്തിനാണ് പ്രഫ. എം. തോമസ് മാത്യുവിനു പുരസ്കാരം. സംസ്കൃതകൃതി വാമനാചാര്യന്റെ കാവ്യാലങ്കാരസൂത്രവൃത്തിയുടെ മലയാളപരിഭാഷയ്ക്കാണ് ചാത്തനാത്ത് അച്യുതനുണ്ണിക്ക് പുരസ്കാരം ലഭിച്ചത്. കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം മലയാളം വിഭാഗത്തിൽ സി. രാധാകൃഷ്ണൻ, ഡോ. എം.എം. ബഷീർ, സക്കറിയ എന്നിവരായിരുന്നു വിധികർത്താക്കൾ. ഒരു ലക്ഷം രൂപയും ഫലകവും അടങ്ങുന്ന കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം മാർച്ച് 11 ന് വിതരണം ചെയ്യും.

ഗോത്രസാഹിത്യകാരൻ നാരായന്റെ മലയാളം നോവൽ കൊച്ചരേത്തി; 'അരയനാരി' എന്ന പേരിൽ ആസാമീസ് ഭാഷയിലേക്കു പരിഭാഷപ്പെടുത്തിയ ജൂറി ദത്തയ്ക്കു പരിഭാഷയ്ക്കുള്ള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. പ്രശസ്ത തമിഴ് എഴുത്തുകാരൻ പെരുമാൾ മുരുകന്റെ പൂനാച്ചി എന്ന നോവൽ ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തിയ എൻ. കല്യാണരാമനും പരിഭാഷയ്ക്കുള്ള പുരസ്കാരം ലഭിച്ചു. പരിഭാഷയ്ക്കുള്ള പുരസ്കാരത്തിന്റെ മലയാളവിഭാഗത്തിൽ ഡോ. കെ.സി. അജയകുമാർ, കെ.എസ്. വെങ്കിടാചലം, ഡോ. സുനിൽ പി. ഇളയിടം എന്നിവരായിരുന്നു വിധികർത്താക്കൾ. 50,000 രൂപയും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.

കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരങ്ങൾക്ക് കവിതാവിഭാഗത്തിൽനിന്ന് ഏഴും ആറു നോവലുകളും രണ്ടു ചെറുകഥാസമാഹാരങ്ങളും മൂന്നു നാടകങ്ങളും രണ്ടു വിമർശനങ്ങളും ആത്മകഥ, ലേഖനം, ലേഖനസമാഹാരം, സാഹിത്യചരിത്രം എന്നീ വിഭാഗങ്ങളിൽനിന്ന് ഓരോ കൃതിയുമാണ് തിരഞ്ഞെടുത്തത്.



## സി. രാധാകൃഷ്ണന് വിശിഷ്ടാംഗത്വം

മലയാളത്തിലെ പ്രമുഖ എഴുത്തുകാരൻ സി. രാധാകൃഷ്ണന് കേന്ദ്ര സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം. ഇന്ത്യയിലെ മുതിർന്ന സാഹിത്യകാരന്മാർക്കു നൽകുന്ന അംഗീകാരമാണ് വിശിഷ്ടാംഗത്വം.

ഇതിനുമുമ്പ് മലയാളത്തിൽനിന്ന് എം.ടി. വാസുദേവൻനായർക്കാണ് കേന്ദ്രസാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം നൽകിയിട്ടുള്ളത്. കെ.പി. രാമനുണ്ണി, എസ്. മഹാദേവൻ തമ്പി, വിജയലക്ഷ്മി എന്നിവരെയും കേന്ദ്രസാഹിത്യഅക്കാദമി സമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രതികരണം

## റബർകർഷകനു മോചനമില്ലേ?

റബർ വിപണിയിലെ വിലത്തകർച്ചയുടെ പശ്ചാത്തലത്തിൽ അഡ്വ. വി.സി. സെബാസ്റ്റ്യൻ തയ്യാറാക്കിയ ലേഖനം (റബർ കർഷകർ ചതിക്കുഴിയിൽ-നാളം 42) കാലോചിതമായി. റബറും റബർ കർഷകരും ചർച്ചയായിട്ടു കാലങ്ങളായി. പക്ഷേ, എല്ലാ വിലാപങ്ങളും ബധിരകർണങ്ങളിലാണു പതിക്കുന്നത്. അധികാരികളുടെ ഭാഗത്തുനിന്നു കാര്യമായ ഒരു പരിഗണനയും റബർകർഷകർക്കു ലഭിക്കുന്നില്ല.

കഴിഞ്ഞ മൂന്നുവർഷങ്ങളിലെ ഏറ്റവും കുറഞ്ഞ വിലയിലേക്കു പ്രാദേശികവിപണി ഇടിഞ്ഞുവീണുവെന്ന വസ്തുത ലേഖകൻ ചൂണ്ടിക്കാട്ടുന്നു. ഉത്പാദനക്കുറവുണ്ടായിട്ടും ആഭ്യന്തരവിപണിയിൽ ഉത്പന്നത്തിനു വില ഉയരാത്തത് വ്യവസായികളുടെ ബോധപൂർവമായ വിപണി ഇടപെടലും അതിനു റബർ ബോർഡിന്റെയും കേന്ദ്രസർക്കാരിന്റെയും പിന്തുണയുമാണെന്നു തുറന്നുപറയാൻ തന്റേടം കാണിച്ച ലേഖകൻ അഭിനന്ദനമർഹിക്കുന്നു. ആരംഭകാലങ്ങളിൽ കർഷകന് ഒരു കൈത്താങ്ങായിരുന്ന റബർബോർഡ് ഇന്നു വ്യവസായികളുടെയും കേന്ദ്രഗവൺമെന്റിന്റെയും മൂടുതാങ്ങിയായി മാറിയെന്നു പറഞ്ഞാൽ നിഷേധിക്കാനാവുമോ? 2011 ൽ റബർ വിലയിടിഞ്ഞപ്പോൾ കർഷകൻ കൃഷി ഉപേക്ഷിക്കരുതെന്നും 2018നു ശേഷം റബർവില കുതിച്ചുയരുമെന്നും പ്രതീക്ഷ നൽകിയവർ ഇന്നെവിടെ എന്ന ചോദ്യം കുറിക്കുകൊള്ളുന്നതാണ്.

ബഹുഭൂരിപക്ഷം വരുന്ന ചെറുകിട റബർകർഷകരെ മറന്ന് ന്യൂനപക്ഷമായ ഏതാനും എസ്റ്റേറ്റുകാരെ മാത്രം കണക്കിലെടുത്ത് റബർകർഷകരെയാകെ റബർമുതലാളിമാരായി ചിത്രീകരിച്ച് രാഷ്ട്രീയമുതലെടുപ്പു നടത്തിയ വിപ്ലവപ്പാർട്ടികൾ മുതൽ മതേതരപാർട്ടികൾവരെയുള്ളവർ ഇപ്പോൾ അതൊക്കെ മറന്ന് റബർകർഷകനുവേണ്ടി മുതലക്കണ്ണീരൊഴുക്കുന്നു. പക്ഷേ, അധികാരകേന്ദ്രങ്ങളുടെ പടിക്കൽ റബർകർഷകനുവേണ്ടി ശക്തമായ പ്രതിരോധം തീർക്കാനും സമരമാർഗങ്ങൾ കൈക്കൊള്ളാനും ആരും മുമ്പോട്ടു വന്നിട്ടില്ലായെന്നതാണു സത്യം.

ശ്രീ. കെ.എം. മാണി കൊണ്ടുവന്ന വിലസ്ഥിരതാ ഫണ്ടു പദ്ധതി മറക്കുന്നില്ല. കർഷകർക്കു തെല്ലൊരാശ്വാസമായിരുന്ന ആ പദ്ധതി ഇന്ന് ഏതാണ്ടു നിലച്ച മട്ടാണ്. റബർപാലു വഴിയിലൊഴുക്കിയും റബർഷീറ്റു പുതച്ചു ശയനപ്രദക്ഷിണം നടത്തിയും ചില പ്രഹസനങ്ങൾ ഭരണാരൂഢർ കാട്ടിക്കൂട്ടിയില്ലായെന്നു പറഞ്ഞുകൂടാ. അതൊക്കെ മാധ്യമങ്ങളിൽ ശ്രദ്ധ നേടാനുള്ള അടവുകൾ മാത്രം! ഞങ്ങൾ നിങ്ങൾക്കൊപ്പമുണ്ടെന്ന വ്യാജതെളിവുനിരത്തൽ. പക്ഷേ, റബർ കർഷകന്റെ കാര്യത്തിൽ വഞ്ചി ഇപ്പോഴും തിരുനക്കരെത്തന്നെ.

ജോസ് തോമസ്
കാഞ്ഞിരപ്പള്ളി

# നീതിയുടെ തുലാസിൽ നിങ്ങളെങ്ങനെ?



പീറ്റർ കുരിശിങ്കൽ



തുലാസിനെക്കുറിച്ചു ചിന്തിക്കുമ്പോൾ ആദ്യം ഓർമവരുന്നത്; നീതിയുടെ തുലാസ് ഉയർത്തിപ്പിടിച്ചു നില്ക്കുന്ന മിഖായേൽ മാലാഖയുടെ സ്വർഗീയചിത്രമാണ്.

നീതിയുടെ തുലാസ് ഉയർത്തിപ്പിടിച്ചു നില്ക്കുന്ന മറ്റൊരു ചിത്രവും പരിചിതമാണ് മാലോകർക്ക് – കണ്ണുകൾ ഭദ്രമായി മൂടിക്കെട്ടി; ഒരു തുലാസ് ഉയർത്തിപ്പിടിച്ചു നില്ക്കുന്ന നീതിദേവതയുടെ ചിത്രം.

ഇത്തരം നീതിയുടെ പ്രതീകങ്ങൾ സാധാരണ മനുഷ്യരുടെ ചിന്തയിൽ എപ്പോഴുമങ്ങനെ ഉണരണമെന്നില്ല. അവന്റെ പ്രായോഗികചിന്തയിൽ പെട്ടെന്നു കടന്നുവരുന്നത് കച്ചവടമേഖലയിലെ തുലാസ് തന്നെയാണ്. അനുദിനം അവന്റെ ക്രിയവിക്രയങ്ങളിൽ സ്ഥാനം പിടിക്കുന്ന തുലാസ്; കച്ചവടക്കാരന്റെ പ്രതീകം.

അനുദിനജീവിതത്തിൽ മനുഷ്യൻ തുലാസ് ഉപയോഗപ്പെടുത്താൻ തുടങ്ങിയത് എന്നുമുതൽക്കായിരിക്കും? അതേക്കുറിച്ച് ചരിത്രം ഖണ്ഡിതമായി ഒന്നും പറയുന്നില്ല. ചില ഊഹങ്ങളെ ആശ്രയിക്കാമെങ്കിൽ, ഈജിപ്തുകാരാണത്രേ തുലാസ് എന്ന ഉപകരണം – അഥവാ സങ്കല്പം പ്രായോഗികതലത്തിൽ ലോകത്തിനു സംഭാവന ചെയ്തത്. ഇക്കാര്യത്തിൽ ഏറ്റവും പഴമക്കാർ തങ്ങളാണെന്ന് ഈജിപ്തുകാർ അഭിമാനിക്കുന്നു.

ഈജിപ്ഷ്യൻതുലാസിന് ഏഴായിരത്തിലധികം വർഷത്തെ പാരമ്പര്യമാണ് അവകാശപ്പെടുന്നത്. ചുണ്ണാമ്പുകല്ല് ഉരുമ്മിമിനുക്കിയെടുക്കുന്ന ഒരു ദണ്ഡ്! അതായിരുന്നു പുരാതന ഈജിപ്ഷ്യൻ തുലാസ്. നമ്മുടെ നാട്ടിൽ സാധാരണവും സുപരിചിതവുമായിരുന്ന വെള്ളിക്കോലിന്റെ രൂപത്തിലുള്ളതായിരിക്കണമത്. ഭാരനിർണയത്തിന് നമ്മുടെ നാട്ടിൽ വെള്ളിക്കോലുകൾ ഉപയോഗിച്ചിരുന്നതു കണ്ടിട്ടുള്ളവരാണ് ഇന്നാട്ടിലെ മുതിർന്ന പൗരന്മാർ. ഒന്നരയടിയോളം നീളം വരുന്ന അങ്കനം ചെയ്ത ഒരു ദണ്ഡും ദണ്ഡ് ഉയർത്തിപ്പിടിക്കുന്നതിന് ബലവത്തായ ഒരു ചരടും ദണ്ഡിന്റെ വണ്ണം കുറഞ്ഞ ഭാഗത്ത് വസ്തുക്കൾ വയ്ക്കാനുള്ള സംവിധാനവും – അതാണ് വെള്ളിക്കോലുകളുടെ പൊതുഘടന. ഇന്നിപ്പോൾ ഈ കോലുകളൊക്കെ പല ഘട്ടങ്ങളിലൂടെ പരിഷ്കരിക്കപ്പെട്ട് അളവുതൂക്കനിർണയത്തിന് ഇലക്ട്രോണിക് സാങ്കേതിക ഉപയോഗപ്പെടുത്തിക്കൊണ്ട് ഭാരനിർണയകാര്യത്തിൽ കൃത്യതയും കണിശതയും നാം ഉറപ്പാക്കിക്കഴിഞ്ഞു.

പക്ഷേ, ഒരു കാര്യം ഖേദത്തോടെ ഓർമിക്കാം: തുലാസിന്റെ കാര്യത്തിൽ ആരംഭകാലം മുതലേ നിലനിന്നുപോന്ന കള്ളത്തുലാസ് ഇപ്പോഴും തുടരുന്നു.

കൊടുക്കുമ്പോൾ കുറച്ചു കൊടുക്കുകയും എടുക്കുമ്പോൾ കൂടുതൽ എടുക്കുകയും ചെയ്യുന്നത് ഒരു അവകാശമായിപ്പോലും ധരിച്ചിരുന്ന ഒരു ഫ്യൂഡൽവ്യവസ്ഥിതി ഉണ്ടായിരുന്നില്ലേ കേരളത്തിൽ? അത്തരം പ്രവണതകളെ നിരോധിച്ചും വിലക്കിയുമുള്ള കല്പനകൾ കാണുന്നതുകൊണ്ടാണ് ഈ നിഗമനം.

കേരളനവോത്ഥാനത്തിന്റെ ചാലകശക്തിയായ ഉദയംപേരൂർ സൂനഹദോസ് നടന്നത് 1599 ൽ ആണ്. അക്കാലത്ത് കേരളത്തിലെ രാഷ്ട്രീയ സാമൂഹിക സാമുദായിക രംഗങ്ങളിൽ നടമാടിക്കൊണ്ടിരുന്ന അരുതായ്മകളെ വിലക്കിക്കൊണ്ടുള്ള കല്പനകൾ സൂനഹദോസ് പുറപ്പെടുവിക്കുകയുണ്ടായി. അതുകൊണ്ടുതന്നെ ഏഴാംയോഗത്തിൽ പുറപ്പെടുവിച്ച പതിനേഴാം കല്പന അളവുതൂക്കങ്ങൾ തികച്ചും സുതാര്യവും നീതിപൂർവകവുമായിരിക്കണമെന്നു നിഷ്കർഷിക്കുന്നതാണ്. അക്കാലത്തെ പല സമ്പന്നകുടുംബങ്ങളിലും ആചരിച്ചുപോന്ന ഒരനീതിയായിരുന്നു 'വർക്കത്ത്' എടുക്കൽ സമ്പ്രദായം. നെല്ലോ അരിയോ എന്തുതന്നെ ആയാലും അളന്നുകൊടുത്താൽ കൊടുത്തതിൽനിന്ന് ഒരു പിടി നെല്ലോ അരിയോ തിരികെയെടുക്കുന്ന രീതി. ഇങ്ങനെ അല്പം തിരികെയെടുത്തില്ലെങ്കിൽ കുടുംബത്തിൽ നിലനില്ക്കുന്ന ഐശ്വര്യം കൂടെപ്പോകുമത്രേ. വീടുകളിലെ സ്ത്രീകളുടെ ഒരു വിശ്വാസം അഥവാ, അന്ധവിശ്വാസമായിരുന്നു അത്. പല കുടുംബങ്ങളിലും കാരണവത്തിമാരുടെ കുത്തകയായിരുന്നല്ലോ അടുക്കളവരാന്തയിലെ ഇത്തരം കൊടുക്കൽവാങ്ങലുകൾ. ഈ സമ്പ്രദായം തികഞ്ഞ അനീതിയാണെന്നറിയിക്കുകയും കല്പനയാൽ നിരോധിക്കുകയും ചെയ്തു സൂനഹദോസ്.

പുരാണേതിഹാസങ്ങളിലും മറ്റും തുലാസ് ദുർവിനിയോഗം ചെയ്യുന്നതിനെതിരേ ഒട്ടനേകം മുന്നറിയിപ്പുകളും ശാസനകളും കാണുവാൻ കഴിയും. ലോകത്തിൽ ഏറ്റവുമധികം വായിക്കപ്പെടുന്ന ബൈബിളിൽ, തുലാസ് സത്യസന്ധമായി ഉപയോഗിക്കുന്നതിനുള്ള ഉദ്ബോധനങ്ങൾ നിരവധിയാണ്. ലേവ്യരുടെ പുസ്തകം പത്തൊൻപതാം അധ്യായത്തിൽനിന്നുള്ള ഒരു വാക്യം ഇവിടെ ഉദ്ധരിക്കട്ടെ: "വിധിയിലും അളവിലും തൂക്കത്തിലും നിങ്ങൾ അനീതി പ്രവർത്തിക്കരുത്. ശരിയായ തുലാസും കട്ടിയും നിങ്ങൾക്കുണ്ടായിരിക്കണം." (ലേവ്യർ 19:35). ഇതേ കാര്യംതന്നെ ആവർത്തനപ്പുസ്തകത്തിലും ആവർത്തിച്ചുറപ്പിച്ചിരിക്കുന്നു: "നിന്റെ സഞ്ചിയിൽ തൂക്കം കൂടിയതും കുറഞ്ഞതുമായ രണ്ടുതരം കട്ടികൾ ഉണ്ടായിരിക്കരുത്. നിന്റെ വീട്ടിൽ ചെറുതും വലുതുമായ രണ്ടുതരം അളവുപാത്രങ്ങൾ ഉണ്ടായിരിക്കരുത്. നിന്റെ ദൈവമായ കർത്താവ് നിനക്കു തരുന്ന ദേശത്ത് ദീർഘായുസ്സോടെ ഇരിക്കേണ്ടതിന് നിന്റെ കട്ടികളും അളവുപാത്രങ്ങളും നിർവ്യാജവും നീതിയുക്തവുമായിരിക്കണം." (ആവർത്തനം 25: 13–15).

മിക്കാ പ്രവാചകൻ തുലാസുമായി ബന്ധപ്പെട്ടു നടത്തുന്ന അഴിമതികൾക്കെതിരേ നല്കുന്ന അതിശക്തമായ താക്കീതു കാണുക: "ദുഷ്ടന്മാരുടെ ഭവനത്തിലെ തിന്മയുടെ നിക്ഷേപങ്ങളും ശപ്തമായ കള്ള അളവുകളും എനിക്കു മറക്കാനാവുമോ? കള്ളത്തുലാസും കള്ളക്കട്ടികളും കൈവശം വയ്ക്കുന്നവനെ ഞാൻ വെറുതെ വിടുമോ? ആയതിനാൽ, നിന്നെ ഞാൻ അതികഠിനമായി പീഡിപ്പിക്കും.'' (മിക്കാ. 6: 10–13).

നമ്മുടെ നാട്ടിൽ വെയ്റ്റ് ആന്റ് മെഷേഴ്സ് ഡിപ്പാർട്ടുമെന്റ് ഉണ്ട്. അതിന് ഡയറക്ടറും ഇൻസ്പെക്ടർമാരും മറ്റനേകം ഉദ്യോഗസ്ഥന്മാരും ഉണ്ട്. തുലാസ് തുടങ്ങിയ അളവുപകരണങ്ങളിൽ മുദ്രവയ്ക്കണം, സർട്ടിഫിക്കറ്റുകൾ നല്കണം. അംഗീകൃതമല്ലാത്ത അളവുപകരണങ്ങൾ നിരോധിക്കുന്നതിനും ശിക്ഷ നൽകുന്നതിനുമുള്ള നിയമങ്ങൾ ഇന്ന് എല്ലാ രാജ്യത്തും ഉണ്ട്. എന്നാൽ, ഇതുപോലുള്ള നിയമങ്ങൾ ബി.സി. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കൗടില്യൻ തന്റെ 'അർഥശാസ്ത്ര'ത്തിൽ ഉൾപ്പെടുത്തിയിരുന്നു. 'പൗരാവാധ്യക്ഷൻ' (അളവുകളും തൂക്കങ്ങളും നോക്കുന്ന മേധാവി), 'പൗരാവകർമ്മാന്തങ്ങൾ' (അളവുതൂക്ക ഉപകരണങ്ങൾ) ഉണ്ടായിരിക്കണം, തുലാപ്രതിമാനദണ്ഡങ്ങൾ (തൂക്കുവാനുള്ള തുലാസും പടികളും) പൗരാവാധ്യക്ഷന്റെ പക്കൽനിന്നു വാങ്ങണം, ഈ നിയമങ്ങൾ ലംഘിച്ചാൽ പന്ത്രണ്ടു പണം പിഴ ഈടാക്കണം എന്നിങ്ങനെയുള്ള നിയമങ്ങൾ അർഥശാസ്ത്രത്തിൽ അനുശാസിച്ചിരുന്നു.

ഒരു വസ്തുവിൽ അടങ്ങിയിരിക്കുന്ന ദ്രവ്യപരിണാമത്തെ അളക്കാനുള്ള ഒരു ഉപകരണം എന്നതിൽ കവിഞ്ഞ് മനുഷ്യന്റെ ആധ്യാത്മികമണ്ഡലത്തെ മനനം ചെയ്യുന്നതിന്, സനാതനമൂല്യങ്ങളാകുന്ന പടികൾ ഇട്ട് മനുഷ്യന്റെ സർഗാത്മകമൂല്യം അളക്കുന്നതിനുള്ള ഉപാധികൂടിയായി തുലാസ് എന്ന ആശയം പരിഗണിക്കപ്പെടുന്നുണ്ട്. വിശുദ്ധഗ്രന്ഥത്തിൽനിന്ന് ഒന്നുരണ്ട് സമൂർത്തരംഗങ്ങൾ ഇവിടെ വിവരിക്കാം. ദൈവത്തിന്റെ ഉത്തമഭക്തനും സ്നേഹിതനുമായിരുന്നു ജോബ്. ജോബിനെക്കുറിച്ച് വിശുദ്ധഗ്രന്ഥം പറയുന്നു: "തിന്മയിൽനിന്നകന്ന് ദൈവഭക്തനായി ജീവിച്ച അവൻ നിഷ്കളങ്കനും നീതിമാനും ആയിരുന്നു... പൗരസ്ത്യദേശത്തെ ഏറ്റവും വലിയ സമ്പന്നനായിരുന്നു അവൻ.'' എന്നാൽ, പെട്ടെന്നൊരു സാഹചര്യത്തിൽ അവന്റെ സമ്പത്തും, സന്താനങ്ങളും സർവഐശ്വര്യങ്ങളും നഷ്ടമാകുന്നു. ശരീരമാകെ വ്രണമായി തീവ്രവേദന അനുഭവിക്കാൻ തുടങ്ങുന്നു. ഈ ഘട്ടത്തിൽ ജോബിനെ സന്ദർശിക്കുന്ന അയാളുടെ സുഹൃത്തുക്കൾ, ജോബിന്റെ പാപപങ്കിലതയാലാണ് അവന് ഈ ദുർവിധി അനുഭവിക്കേണ്ടി വന്നത് എന്നു സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ ജോബ് അവർക്കു നല്കുന്ന മറുപടി; തുലാസിനെ ഒരു ഭൗതികോപകരണം എന്ന നിലയിൽ നിന്ന് ആധ്യാത്മികതലത്തിലേക്കുയർത്തുന്നു: "ദൈവം എന്റെ നിഷ്കളങ്കത അറിയേണ്ടതിന് എന്നെ കപടമില്ലാത്ത ത്രാസിൽ തൂക്കി നോക്കട്ടെ'' (ജോബ് 31:6).

മനുഷ്യന്റെ നന്മതിന്മകൾ എല്ലാം ധർമാധർമങ്ങളുടെ തുലാസിൽ തൂക്കിനോക്കി ദൈവം ജയാപജയങ്ങൾ നിർണയിക്കുന്നു; ശിക്ഷാരക്ഷകൾ നല്കുന്നു എന്നത് മനുഷ്യനോളം തന്നെ പഴക്കമുള്ള ധാരണയാണ്. പഴയനിയമത്തിലെ ദാനിയേൽപ്രവാചകന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭവം ഈ ധാരണയ്ക്ക് ഉപോത്ബലകമാകുന്നു. ബാബിലോണിയാരാജ്യം ഭരിച്ചിരുന്ന ബൽഷാസർ തന്റെ കൊട്ടാരത്തിൽ പൊടിപൂരമായി ഒരു വിരുന്നു നടത്തിക്കൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് ഒരു മനുഷ്യന്റെ വിരലുകൾ പ്രത്യക്ഷപ്പെട്ട് രാജകൊട്ടാരത്തിന്റെ അകത്തളമതിലിൽ ഇങ്ങനെ എഴുതി: "മെനേ, മെനേ, തെഖേൽ പാർസീൻ" (ദാനിയേൽ 5:26) ഈ പദങ്ങൾ തീക്കനൽ പോലെ തിളങ്ങി. ഈ ഹീബ്രുപദങ്ങൾക്ക് ദാനിയേൽ നല്കിയ വ്യാഖ്യാനം ഇങ്ങനെയാണ്: "മെനേ – ദൈവം നിന്റെ രാജ്യത്തിന്റെ നാളുകൾ എണ്ണുകയും അതിന്റെ അവസാനം കുറിക്കുകയും ചെയ്തിരിക്കുന്നു. തെഖേൽ – നിന്നെ തുലാസിൽ തൂക്കി കുറവുള്ളവനായി കണ്ടിരിക്കുന്നു.

പാർസീൻ, നിന്റെ രാജ്യം വിഭജിച്ച് മേദിയക്കാർക്കും പേർഷ്യക്കാർക്കും നല്കിയിരിക്കുന്നു. (ദാനി. 5: 26, 27, 28). ഈ ചരിത്രസംഭവം എച്ച്.ജി. വെൽസ് തന്റെ ലോക ചരിത്രഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവത്തിന്റെ തുലാസിൽ മനുഷ്യന്റെ പിൻതൂക്കം അവന്റെ പതനത്തെയാണ് കാണിക്കുന്നത്. നീതിയുടെ പ്രാതിനിധ്യം വഹിക്കുന്നതാണ് ദൈവികതുലാസ്.

ക്ഷേത്രങ്ങളിലുമുണ്ട് തുലാസ്. പ്രസിദ്ധമായ ക്ഷേത്രങ്ങളിൽ 'തുലാഭാരം' ഒരു സാധാരണ വഴിപാടാണ്. ക്ഷേത്രമതിലിനകത്തു തൂങ്ങുന്ന തുലാസിന്റെ ഒരു തട്ടിൽ മനുഷ്യന്റെ ശരീരഭാരവും മറുതട്ടിൽ അവന്റെ വിശ്വാസത്തിന്റെ ഭാരവുമാണ് തൂങ്ങുന്നത്. ആധ്യാത്മികതയുടെയും വിശ്വാസത്തിന്റെയും പ്രതീകമാണത്.

ഏറെ വർഷങ്ങൾക്കുമുമ്പ് – രാജഭരണം നിലനിന്ന കാലത്ത് രാജാക്കന്മാർ ഭരണാധികാരം ഏല്ക്കുമ്പോൾ തുലാഭാരം നടത്തുന്ന പതിവുണ്ടായിരുന്നു. തുലാപുരുഷദാനം എന്നാണ് ഈ ചടങ്ങ് അറിയപ്പെട്ടിരുന്നത്. മൂപ്പേൽക്കുന്ന സമയത്ത് നടത്തുന്ന തുലാഭാരത്തിനായി പ്രത്യേക സ്വർണനാണയങ്ങൾ തന്നെ കമ്മട്ടത്തിൽ അടിക്കുമായിരുന്നു. ഈ സ്വർണനാണയങ്ങൾ ബ്രാഹ്മണർക്കു ദാനം ചെയ്യുകയായിരുന്നു പതിവ്. ഇതിനായി തിരുവിതാംകൂർ രാജ്യത്ത് ഇറക്കിയിരുന്ന നാണയം അറിയപ്പെട്ടിരുന്നത് 'തുലാഭാരക്കാശ്' എന്നാണ്.

തുലാസിന്റെ പ്രതീകാത്മകത അഗാധമായ ആധ്യാത്മിക ചിന്തകളുണർത്തുന്നു. നീതിന്യായബോധത്തിന്റെ സാർവദേശീയ ചിഹ്നമാണത്. രാജാധികാരത്തിന്റെ മഹിതമുദ്രയും. ദൈവത്തിന്റെ നീതിയുടെ തുലാസിൽ മനുഷ്യന്റെ തൂക്കക്കുറവ് അവന്റെ പതനത്തെ കാണിക്കുന്നു. നീതിയുടെ പ്രതീകമാണ് തുലാസ്.

ഈ ലോകജീവിതത്തിൽ തുലാസിനെ നേരേ നിറുത്തുന്നതിൽ നേടുന്ന വിജയം പാരത്രികജീവിതത്തിൽ നമുക്കു മുൻതൂക്കം നേടിത്തരുന്നു. ആർക്ക് തുലാസുകൾ മുൻതൂക്കം കാണിക്കുന്നുവോ അവർക്ക് മോക്ഷം – സംതൃപ്തമായ ജീവിതം! ആരുടെ തുലാസുകൾ നന്മയിൽ പിൻതൂക്കം നില്ക്കുന്നുവോ അവർക്കു നരകം – നിരാശയുടെ അഗാധഗർത്തം! ■

നോവൽ 11 ഇഗ്നേഷ്യസ് കലയന്താനി

# മഴനിലാവ്



*കഥാസാരം: ഒരു നിർധന നമ്പൂതിരിക്കുടുംബത്തിലെ അഞ്ചു പെൺമക്കളിൽ മൂത്തവളാണ് ഇന്ദുലേഖ. അവൾക്കു ദൂരെ സ്കൂളിൽ റ്റീച്ചറായി ജോലികിട്ടി. ട്രെയിനിൽ സ്കൂൾ മാനേജർ ആനന്ദന്റെ മകനെ അവൾ പരിചയപ്പെട്ടു. പിന്നീട് അവർ നല്ല സുഹൃത്തുക്കളായി. അവർ തമ്മിൽ പ്രണയമാണെന്ന് സഹപ്രവർത്തകയായ സ്നേഹലത മാനേജരെ തെറ്റിദ്ധരിപ്പിച്ചു. കോപാകുലനായ മാനേജർ ഇന്ദുവിനെ പിരിച്ചുവിട്ടു. അത് വീട്ടിലറിയിക്കാതെ ഇന്ദു തിരുവല്ലയിൽ ഒരു ക്രൈസ്തവവീട്ടിൽ വീട്ടുജോലിക്കു നിന്നു. ആ വീട്ടിലെ സ്ഥിരം സന്ദർശകയായ, അയൽക്കാരി സാറാകുര്യന് അവളിൽ സംശയംതോന്നി. ഗൃഹനാഥയായ ത്രേസ്യായെ അവർ അത് അറിയിച്ചു.*

*(തുടർന്നു വായിക്കുക)*

**ചാ**ണ്ടിക്കുഞ്ഞും ത്രേസ്യായും ഗേറ്റു തുറന്ന് വീട്ടിലേക്കു കയറിച്ചെല്ലുമ്പോൾ ഇന്ദു അടുക്കളയിൽ അപ്പം ചുടുന്ന തിരക്കിലായിരുന്നു. ഡോർബെൽ ശബ്ദംകേട്ട് ഇന്ദു ഓടിച്ചെന്ന് വാതിൽതുറന്നു. അവളെ സൂക്ഷിച്ചൊന്നു നോക്കിയിട്ട് ത്രേസ്യാ ചോദിച്ചു:

''നീ എന്നാ എടുക്കുവായിരുന്നു?"

"അപ്പം ചുടുവായിരുന്നു."

നീട്ടിയൊന്നു മൂളിയിട്ട് ത്രേസ്യാ വേഷം മാറാൻ കിടപ്പുമുറിയിലേക്കു പോയി. വേഷം മാറി, കുറച്ചുനേരം ആലോചിച്ചുനിന്നിട്ട് അവർ അടുക്കളയിലേക്കു ചെന്നു. കിഴങ്ങുകറിയുണ്ടാക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു ഇന്ദു.

"കറിയുണ്ടാക്കാൻ തുടങ്ങുന്നേയുള്ളോ? നീ ഇതുവരെ എന്തെടുക്കുവായിരുന്നു ഇവിടെ?"

"അതിന് നേരം ഒരുപാടൊന്നും ആയില്ലല്ലോ!" ഇന്ദുവിനു ദേഷ്യം വന്നു.

"എന്നോടു തർക്കുത്തരം പറയുന്നോടീ? വിശന്നിട്ടു നിക്കാൻ വയ്യ. ഞങ്ങളു പള്ളീൽ പോയ നേരത്ത് നീയിവിടെ ആരെ സ്വപ്നം കണ്ടിരിക്കുവായിരുന്നു?"

ഇന്ദു മിണ്ടിയില്ല. ത്രേസ്യാ പിന്നെയും ഓരോന്നു പറഞ്ഞുകൊണ്ടിരുന്നു. സഹിക്കെട്ട് ചാണ്ടിക്കുഞ്ഞ് വന്നു ത്രേസ്യായോടു ദേഷ്യപ്പെട്ടു. അപ്പോൾ ചാണ്ടിക്കുഞ്ഞിനോടായി ശകാരം. പിന്നെ ചവിട്ടിക്കുലുക്കി മുറിയിലേക്കു പോയി.

തിടുക്കത്തിൽ കറി ഉണ്ടാക്കി ഇന്ദു അപ്പവും കറിയും ടേബിളിൽ നിരത്തി. എന്നിട്ടു രണ്ടു പേരെയും കഴിക്കാൻ വിളിച്ചു.

ഭക്ഷണം കഴിക്കുന്നതിനിടയിൽ ത്രേസ്യാ ചോദിച്ചു:

"നീ വീട്ടിൽ പറയാതെയാണോ ഇങ്ങോട്ടു പോന്നത്?"

അപ്രതീക്ഷിതമായ ആ ചോദ്യം കേട്ട് ഇന്ദു ഞെട്ടിയെങ്കിലും അതു മുഖത്തു പ്രകടിപ്പിക്കാതെ അവൾ പറഞ്ഞു:

"അല്ല."

''നിന്റെ വീട്ടിലെ ഫോൺ നമ്പരൊന്നു പറഞ്ഞേ. ഞാനൊന്നു വിളിച്ചുചോദിക്കട്ടെ."

"വീട്ടിൽ ഫോണില്ല." പെട്ടെന്ന് അങ്ങനെ പറയാനാണവൾക്കു തോന്നിയത്.

''ഫോണില്ലേ? ഇക്കാലത്ത് ഫോണില്ലാത്ത ഏതെങ്കിലും വീടുണ്ടോടീ? നീ പറയുന്നത് പച്ചക്കള്ളമാ." ഇന്ദു മിണ്ടിയില്ല.

''നീയിവിടെ വന്നിട്ട് വീട്ടിലേക്ക് ഇതുവരെ വിളിച്ചിട്ടേയില്ലേ?"

"അയൽപക്കത്തേക്കു വിളിച്ച് അറിയിച്ചിരുന്നു."

"എന്നാ അയൽപക്കത്തെ ആ നമ്പരിങ്ങു താ. ഞാനൊന്നു വിളിച്ചുചോദിക്കട്ടെ."

ത്രേസ്യാ വിടാതെ പിടികൂടിയിരിക്കുകയാണെന്നു കണ്ടപ്പോൾ ഇന്ദുവിനു സംശയമായി. ഇവർ സത്യം അറിഞ്ഞോ? ഇന്ദുവിന്റെ മുഖത്തെ അമ്പരപ്പു കണ്ടപ്പോൾ ത്രേസ്യാ ചോദിച്ചു:

"സത്യം പറയെടീ. നീ വീട്ടീന്നു വഴക്കുണ്ടാക്കി പോന്നതല്ലേ?"

"അല്ല."

"നാട്ടിൽ നിൽക്കാൻ പറ്റാത്ത വല്ല പ്രശ്നോം ഉണ്ടാക്കിപ്പോന്നതാണോ?"

"അല്ല."

''വീട്ടീന്ന് ഇറക്കിവിട്ടതാണോ?"

"അല്ല."

"പിന്നെ എങ്ങനെയാ ഇവിടെ വന്നതെന്നു പറ. ഇനി നുണ പറഞ്ഞു പിടിച്ചുനിൽക്കാൻ നോക്കണ്ട. രാവിലെ നീ ഫോണിൽ സംസാരിക്കുന്നതൊക്കെ ഞാൻ കേട്ടു."

പിടിച്ചുനിൽക്കാനുള്ള പഴുതുകളൊക്കെ അടഞ്ഞപ്പോൾ ഇന്ദു സത്യം തുറന്നുപറഞ്ഞു.

ത്രേസ്യാ അതിശയത്തോടെ അവളെ നോക്കി.

''നീ ഇവിടെ വന്നപ്പോഴേ നിന്റെ വീട്ടിലേക്കൊന്നു വിളിച്ചു ചോദിക്കാതിരുന്നത് ഞങ്ങടെ തെറ്റ്. കണ്ടപ്പം ഒരു പാവമാന്നു തോന്നി. അതുകൊണ്ടാ ഒന്നും അന്വേഷിക്കാതെ ഇവിടെ നിറുത്തിയത്."

"ജോലി പോയീന്നറിഞ്ഞാൽ അച്ഛൻ ചങ്കുപൊട്ടി മരിക്കും. അതുകൊണ്ടാ ഞാൻ വീട്ടിൽ പറയാതെ പോന്നത്. എന്റെ ശമ്പളംകൊണ്ടു വേണം അമ്മച്ചീ എന്റെ വീടു കഴിയാൻ. അഞ്ചു പെൺമക്കളാ. ഒരുപാടു കടമുണ്ട്. എന്നെ പറഞ്ഞയയ്ക്കരുത് അമ്മച്ചി. വേറൊരു ജോലി കിട്ടുന്നതു വരെ എന്നെ ഇവിടെ നിൽക്കാൻ അനുവദിക്കണം. ഞാൻ കാലുപിടിക്കാം." ഇന്ദു കെഞ്ചി.

''നീ രാവിലെ ആർക്കാ ഫോൺ ചെയ്തത്?"

"എന്റെകൂടെ പഠിപ്പിച്ചിരുന്ന ഒരു റ്റീച്ചറിനാ."

"അതോ വല്ല ആണുങ്ങൾക്കുമാണോ? നീ പറഞ്ഞതൊന്നും വിശ്വസിക്കാൻ പറ്റില്ല."

"ഒന്നു മിണ്ടാതിരി ത്രേസ്യേ. ഇവളു പറഞ്ഞത് സത്യാണോന്നു നമുക്കന്വേഷിക്കാല്ലോ."

ചാണ്ടിക്കുഞ്ഞ് ഇന്ദുവിന്റെ നേരേ തിരിഞ്ഞിട്ടു തുടർന്നു: "നീ വിളിച്ച ആ റ്റീച്ചറിന്റെ നമ്പരിങ്ങു പറഞ്ഞേ."

ചാണ്ടിക്കുഞ്ഞ് എണീറ്റ് കൈകഴുകിയിട്ട് മുറിയിൽ പോയി മൊബൈൽ ഫോൺ എടുത്തുകൊണ്ടുവന്നു. ഇന്ദു നമ്പർ പറഞ്ഞുകൊടുത്തു.



ചാണ്ടിക്കുഞ്ഞ് ആ നമ്പരിൽ വിളിച്ചപ്പോൾ ഇന്ദു പറഞ്ഞതെല്ലാം സത്യമാണെന്നു ബോധ്യപ്പെട്ടു. അദ്ദേഹത്തിന് സഹതാപം തോന്നി. പാവം പെണ്ണ്.

"നിങ്ങളിത്ര ശുദ്ധഹൃദയനാണല്ലോ. ഇതിവളും അവളും തമ്മിലുള്ള ഒത്തുകളിയായിരിക്കും." ത്രേസ്യായ്ക്ക് ഒട്ടും അവളെ വിശ്വസിക്കാനായില്ല.

''ഞാൻ പറഞ്ഞതൊക്കെ സത്യാ അമ്മച്ചി. യേശുവിന്റെ രൂപംതൊട്ട് ഞാൻ സത്യം ചെയ്യാം." ത്രേസ്യായുടെ മുമ്പിൽ അവൾ കൈകൂപ്പി.

"കള്ളികൾക്ക് എന്ത് യേശുവും കൃഷ്ണനും? നീ പഠിച്ച കള്ളിയാ."

"എന്നാ ഞാൻ പൊയ്ക്കൊള്ളാം. ഇത്രയും ദിവസം നിന്നതിന്റെ കാശു തന്നാൽ മതി." ഇന്ദു കൈ ഉയർത്തി മിഴി തുടച്ചു.

''വേറൊരാളെ കിട്ടുന്നതുവരെ ഇവളിവിടെ നിൽക്കട്ടെ ത്രേസ്യേ. ഒരു ജോലിക്കാരിയെ കിട്ടാനുള്ള ബുദ്ധിമുട്ട് നിനക്കറിയാവുന്നതല്ലേ?" ചാണ്ടിക്കുഞ്ഞ് ഇന്ദുവിന്റെ പക്ഷത്തായിരുന്നു.

"ഇവളുടെ വീട്ടുകാര് മകളെ കാണാനില്ലാന്നു പറഞ്ഞു പോലീസിൽ വല്ല പരാതീം കൊടുത്താൽ നമ്മൾ തൂങ്ങണ്ടേ മനുഷ്യനേ?"

''ആരും പരാതി പറയില്ലമ്മച്ചീ. സാവകാശം ഞാൻ അനിയത്തിയെ വിളിച്ച് കാര്യങ്ങൾ പറഞ്ഞുബോധ്യപ്പെടുത്തിക്കൊള്ളാം. ഒരിക്കലും ഞാൻ നിങ്ങളെ ചുറ്റിക്കില്ല."

''പറയുന്ന പണിയെല്ലാം ചെയ്തു നിൽക്കാൻ പറ്റോ ഇവിടെ?'' ത്രേസ്യാ രൂക്ഷമായി നോക്കി.

"ഉം."

"ഇനി തർക്കുത്തരം എങ്ങാനും പറഞ്ഞാ അപ്പം പിടിച്ചു നിന്നെ ഞാൻ പോലീസിലേൽപ്പിക്കും."

"ഉം."

അനുസരണയോടെ നിൽക്കുന്ന ഒരു വേലക്കാരിയെ കിട്ടിയല്ലോ എന്ന ആശ്വാസമായി ത്രേസ്യായ്ക്ക്. വഴക്കുപറയാനും കുറ്റപ്പെടുത്താനും ഒരാളെ കിട്ടി. ഇനി തിരിച്ച് ഇവൾ ഒന്നും തന്നോടു പറയില്ല. ചാണ്ടിക്കുഞ്ഞിനും സന്തോഷമായി. ഒരു മകളോടെന്നപോലുള്ള സ്നേഹമായിരുന്നു അയാൾക്കവളോട്.

കാപ്പികുടി കഴിഞ്ഞിട്ട് ഇന്ദു മുഷിഞ്ഞ വസ്ത്രങ്ങളെല്ലാം അലക്കാൻ എടുത്തു വാഷിങ് മെഷീനിലിട്ടു. അതുകഴിഞ്ഞ് ഉച്ചയ്ക്കത്തേക്കുള്ള ചോറും കറികളും ഉണ്ടാക്കുന്ന ജോലിയിലായി. ശ്വാസം അടക്കിപ്പിടിച്ചുകൊണ്ടാണവൾ പോത്തിറച്ചി നുറുക്കിയത്. അതിന്റെ മണമടിച്ചപ്പോൾ ഛർദിക്കാൻ വന്നു.

ഉച്ചയ്ക്ക് ഇറച്ചിക്കറിയും കൂട്ടി കുശാലായി ഉണ്ടിട്ട് ത്രേസ്യാ തൊട്ടടുത്തു താമസിക്കുന്ന പ്രൊഫസർ സാറാ കുര്യന്റെ വീട്ടിൽ പോയി. സാറായോട് അവർ ഇന്ദുവിന്റെ ചരിത്രം മുഴുവൻ പറഞ്ഞു.

"ഞാൻ പറഞ്ഞില്ലായിരുന്നോ എന്തോ ചുറ്റിക്കളി ഉണ്ടെന്ന്. ദേ ഞാനൊരു കാര്യം പറഞ്ഞേക്കാം.'' സാറാ ത്രേസ്യായുടെ നേരെ കൈചൂണ്ടി തുടർന്നു:

"അവളു ജോലി പോയതിലുള്ള മാനസികപ്രയാസം സഹിക്കാൻ കഴിയാതെ വല്ല ഫാനിലോ മറ്റോ കെട്ടിത്തൂങ്ങിയാൽ നിങ്ങളു സമാധാനം പറയേണ്ടിവരും. വീട്ടിലറിയിക്കാതെ വന്ന പെണ്ണാണെന്ന് ഓർമവേണം. ദുർബുദ്ധി തോന്നാൻ ഒരു നിമിഷം മതി."

അതു നേരാണല്ലോന്ന് ത്രേസ്യായ്ക്കു തോന്നി. വല്ലതും സംഭവിച്ചാൽ ഒന്നാംപ്രതി താനാകും. താൻ പീഡിപ്പിച്ചു എന്ന് കത്തെഴുതി വച്ചിട്ട് മരിച്ചാൽ ജാമ്യംപോലും കിട്ടാത്ത കേസാവും.

"എന്നാ അവളെയങ്ങു പറഞ്ഞുവിടാം. അല്ലേ സാറേ?"

"തനിയെ പറഞ്ഞുവിട്ടാലും പ്രശ്നമാ. പോകുന്നവഴി വല്ല ട്രെയിനിനും തല വച്ചാലോ? അപ്പഴും ത്രേസ്യാമ്മച്ചി കുടുങ്ങും."

"അപ്പം എന്തു ചെയ്യും?"

"പോലീസിലറിയിക്കുന്നതാ നല്ലത്. അവരു വന്നു പിടിച്ചോണ്ടു പോയി വീട്ടിലാക്കിക്കൊള്ളും. അതാവുമ്പം നമുക്കു തലവേദന ഇല്ല."

"പോലീസിലറിയിക്കാൻ ചാണ്ടിക്കുഞ്ഞ് സമ്മതിക്കുമെന്നു തോന്നുന്നില്ല. ആ മനുഷ്യന് അവളോടു സഹതാപമാ."

"എന്റെ സ്റ്റുഡന്റാ ഇവിടുത്തെ എസ്സൈ. ഞാൻ വിളിച്ച് അവനോടു കാര്യം പറയാം. അവൻ വന്നു പിടിച്ചോണ്ടുപോയി എന്താന്നുവച്ചാൽ ചെയ്യട്ടെ. നമ്മുടെ തലേന്ന് ഒഴിവാകുമല്ലോ."

''എന്നാ അങ്ങനെ ചെയ്യ്. ചാണ്ടിക്കുഞ്ഞ് അറിയണ്ട." ത്രേസ്യാ സ്വരം താഴ്ത്തി പറഞ്ഞു.

സാറാ മൊബൈൽ എടുത്ത് സബ് ഇൻസ്പെക്ടർ ഗോപിനാഥിന്റെ നമ്പർ ഡയൽ ചെയ്തു. ഗോപിനാഥിനെ ലൈനിൽ കിട്ടി. കാര്യങ്ങൾ കേട്ടതും അടുത്ത ദിവസം വരാമെന്നു പറഞ്ഞിട്ട് ഗോപിനാഥ് ഫോൺ കട്ട് ചെയ്തു.

*(തുടരും)*

# ആഗോള മിഷൻ മധ്യസ്ഥയ്ക്ക് യുനെസ്കോയുടെ ആദരവ്



ഫാ. കുര്യൻ മാതോത്ത്

1994 സെപ്റ്റംബറിൽ റോമിൽവച്ച് സേക്രഡ് ഓറിയന്റൽ കോൺഗ്രിഗേഷന്റെ പ്രീഫെക്ട് കർദിനാൾ ലൊറെൻസോ ബാൻഡിസ്പേറിയെ സന്ദർശിക്കുന്നതിന് എനിക്കവസരം ലഭിക്കുകയുണ്ടായി. ചെറുപുഷ്പമിഷൻ ലീഗിന്റെ ദേശീയ ഡിറക്ടർ എന്ന നിലയിൽ സി.എം.എല്ലിനെപ്പറ്റി ചില കാര്യങ്ങൾ കർദിനാളിനെ ധരിപ്പിക്കുകയായിരുന്നു എന്റെ ലക്ഷ്യം. മിഷൻ ലീഗ് നിയമാവലിയുടെ ഒരു ഇംഗ്ലീഷ് കോപ്പി കർദിനാളിനു നൽകിക്കൊണ്ടായിരുന്നു സംഭാഷണത്തിനു തുടക്കമിട്ടത്.

വി. കൊച്ചുത്രേസ്യായ്ക്ക് നമ്മുടെ നാട്ടിൽ ഇത്രയധികം പ്രചാരം ലഭിച്ചതെങ്ങനെയെന്ന് അദ്ദേഹം എന്നോട് ആരാഞ്ഞു. വിശുദ്ധയുടെ സ്വയംകൃതചരിത്രമായ നവമാലികയെപ്പറ്റിയാണ് പെട്ടെന്ന് ഞാൻ ഓർത്തത്. 1925 ലാണല്ലോ വിശുദ്ധ കൊച്ചുത്രേസ്യാ പുണ്യവതിയെന്നു പ്രഖ്യാപിക്കപ്പെട്ടത്. നാമകരണനടപടികൾ കഴിഞ്ഞ് ഏതാനും വർഷങ്ങൾക്കുള്ളിൽ അവളുടെ ആത്മകഥ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. വളരെ ചെറുപ്പത്തിൽത്തന്നെ വിശുദ്ധയായിത്തീർന്ന കൊച്ചുത്രേസ്യായുടെ ചരിത്രം ഈ നാട്ടുകാരുടെ ഇടയിൽ പെട്ടെന്നു പ്രചരിച്ചു. അങ്ങനെയാണ് കൊച്ചുത്രേസ്യാ വളരെ വേഗത്തിൽ അറിയപ്പെട്ടുതുടങ്ങിയത്. കുട്ടികൾക്ക് ഏറെ ഇഷ്ടപ്പെട്ട ജീവിതമായിരുന്നു കൊച്ചുത്രേസ്യായുടേത്.

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയിലെ ഭരണങ്ങാനം ഇടവകയിൽ ഒരു മിഷൻ സംഘടനയായിട്ടാണു രൂപംകൊണ്ടത്. സംഘടനയുടെ സ്വർഗീയാധികാരിയായി വി. കൊച്ചുത്രേസ്യായെയാണല്ലോ തിരഞ്ഞെടുത്തത്. അതോടെ ആ വിശുദ്ധയെപ്പറ്റി പ്രത്യേകം പഠിക്കുന്നതിന് മിഷൻലീഗംഗങ്ങൾ തത്പരരായി. മിഷൻലീഗ് പ്രേഷിതസംഘടന എന്ന നിലയിൽ വളർന്നു പന്തലിച്ചതോടെ വിശുദ്ധ കൊച്ചുത്രേസ്യായും ആഗോളതലത്തിൽ അറിയപ്പെടാനിടയായി.

വിശുദ്ധ കൊച്ചുത്രേസ്യായെ മിഷൻപ്രവർത്തനങ്ങളുടെയെല്ലാം ആഗോളമധ്യസ്ഥയായി പ്രഖ്യാപിച്ചത് പതിനൊന്നാം പീയൂസ് മാർപാപ്പായാണ്. വി. ജോൺപോൾ രണ്ടാമൻ മാർപാപ്പാ ത്രേസ്യായെ വേദപാരംഗത എന്നും ഔദ്യോഗികമായി വിളിച്ച് ആദരിച്ചു. തിരുസ്സഭാചരിത്രത്തിൽ വളരെ കുറച്ചു വിശുദ്ധരെ മാത്രമേ വേദപാരംഗതർ എന്നു വിളിച്ച് ആദരിച്ചിട്ടുള്ളൂ. ആവിലായിലെ വി. അമ്മ ത്രേസ്യാ ഇങ്ങനെയുള്ള ഒരാളാണ്.

ഇപ്പോഴിതാ വി. കൊച്ചുത്രേസ്യാ ഭൗതികമണ്ഡലത്തിലും ആദരിക്കപ്പെട്ടിരിക്കുന്നു. 2023 ജനുവരി രണ്ടിന് വി. കൊച്ചുത്രേസ്യായുടെ 150-ാം ജന്മവാർഷികമാണ്. ആഗോളതലത്തിൽ ഈ വിശുദ്ധയുടെ സ്വാധീനം അംഗീ



കരിച്ചാദരിക്കാൻ യുനെസ്കോ തീരുമാനിച്ചു. സമാധാനം, വിദ്യാഭ്യാസം, ശാസ്ത്രം, ആശയവിനിമയം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന ലോകമെമ്പാടുമുള്ള വ്യക്തികളെ രണ്ടുവർഷത്തിലൊരിക്കൽ യുനെസ്കോ ആദരിക്കാറുണ്ട്.

സാധാരണ ജനങ്ങളിൽ യുനെസ്കോയുടെ ഈ തീരുമാനം അദ്ഭുതം ഉളവാക്കിയിരിക്കയാണ്. കൊച്ചുത്രേസ്യാ വളരെ ചെറുപ്പത്തിൽത്തന്നെ മൃതിയടഞ്ഞ ഒരു ഫ്രഞ്ചു കന്യാസ്ത്രീ ആയിരുന്നല്ലോ. അവൾക്ക് മരണസമയത്ത് ഇരുപത്തിനാലു വയസ്സു മാത്രമായിരുന്നു പ്രായം. ആ സംഭവം നടന്നിട്ട് ഒന്നേകാൽ നൂറ്റാണ്ടു കഴിഞ്ഞു. കന്യകാമഠത്തിന്റെ നാലു ഭിത്തികൾക്കുള്ളിൽ കഴിഞ്ഞിരുന്ന ആ ജീവിതം എടുത്തുപറയത്തക്ക ഒരു കാര്യവും ചെയ്തിട്ടില്ല. അവളുടെ ജ്യേഷ്ഠസഹോദരികൂടി ആയിരുന്ന മഠത്തിന്റെ സുപ്പീരിയറിന്റെ നിർദേശമനുസരിച്ച് അവളെഴുതിയ സ്വന്തം ജീവചരിത്രവും മറ്റേതാനും എഴുത്തുകളും മാത്രമേ 'നവമാലിക' യിൽ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. പക്ഷേ, ആ ഗ്രന്ഥം ത്രേസ്യായുടെ ശ്രേഷ്ഠജീവിതത്തെ വെളിപ്പെടുത്തുന്ന ചൂണ്ടുപലകയാണ്.

2021 നവംബർ 11 ന് യുനെസ്കോയുടെ സമ്മേളനം പാരീസിൽ ചേർന്നപ്പോൾ പുറപ്പെടുവിച്ച റിപ്പോർട്ടിൽ ഇപ്രകാരം വായിക്കുന്നു: "സംസ്കാരവും വിദ്യാഭ്യാസവും ശാസ്ത്രജ്ഞാനവുമുള്ള ഒരു ഫ്രഞ്ചുയുവതി അവളുടെ ബുദ്ധിപ്രഭാവവും രചനകളുംവഴി മനുഷ്യഹൃദയത്തിന്റെ ആഴങ്ങൾ കണ്ടെത്തുന്നു. ജീവിതത്തിന്റെ അർഥപൂർണവും വ്യക്തിപരവുമായ പുതിയ പാതകൾ തുറക്കുകയും ചെയ്യുന്നു."

വി. കൊച്ചുത്രേസ്യായ്ക്ക് നാലരവയസ്സുമാത്രമേ ഉണ്ടായിരുന്നുള്ളൂ അവളുടെ അമ്മ മരിച്ചപ്പോൾ. അമ്മയുടെ മരണം വലിയ ആഘാതമാണ് ആ കൊച്ചുകുട്ടിയെ ഏല്പിച്ചത്. അതോടെ അവൾ രോഗിയായിത്തീർന്നു. എങ്കിലും 1886 ലെ ക്രിസ്മസ് രാത്രിയിൽ അവൾ അദ്ഭുതകരമാംവിധം സൗഖ്യം പ്രാപിച്ചു. അതോടെ ഒരു വലിയ മാറ്റമാണ് അവളിൽ സംഭവിച്ചത്. ഒരു മാനസാന്തരം എന്നിൽ സംഭവിച്ചുവെന്നാണ് ആ സംഭവത്തെപ്പറ്റി അവർ നവമാലികയിൽ കുറിച്ചത്. ലോകത്തെപ്പറ്റിയും ജീവിതത്തെപ്പറ്റിയും പുതിയ ബോധ്യങ്ങൾ അവൾക്കുണ്ടായി. അവളുടെ കാഴ്ചപ്പാടുകൾ മുഴുവനും ഈശോയെ കേന്ദ്രീകരിച്ചുള്ളവയായിത്തീർന്നു. ദീർഘകാലത്തെ പഠനംകൊണ്ടും വായനകൊണ്ടും ലഭിക്കാവുന്നതിലധികം അറിവ് ഈശോ നൽകിയതായി അവൾക്കനുഭവപ്പെട്ടു.

കൊച്ചുത്രേസ്യാ തുടർന്നു: "ഈശോ എന്റെ പക്കലേക്കു താഴ്ന്നിറങ്ങിവന്ന് എന്റെ മനസ്സിനെ സംബന്ധിച്ചുള്ള വിവരങ്ങൾ എനിക്കു വെളിപ്പെടുത്തി. ആത്മാക്കളെ ഉദ്ബോധിപ്പിക്കുന്നതിന് പുസ്തകങ്ങളോ ആചാര്യന്മാരോ അവിടുത്തേക്ക് ആവശ്യമില്ല. ആചാര്യന്മാരുടെ ആചാര്യനായ അവിടുന്ന് സംസാരിക്കുന്നത് ഞാൻ കേട്ടിട്ടില്ല. എങ്കിലും എന്റെ അന്തഃകരണത്തിൽ അവിടുന്നുണ്ടെന്ന് എനിക്കു ബോധ്യമായി. ഓരോ നിമിഷവും ഞാൻ ചെയ്യേണ്ടതെന്തെന്ന് എനിക്കു നിർദേശിച്ചുതരികയും ചെയ്തു.

ഈശോ ത്രേസ്യായെ പഠിപ്പിച്ചത് സ്നേഹത്തിന്റെ ശാസ്ത്രമാണ്. ശാസ്ത്രങ്ങളുടെയും ശാസ്ത്രം! കലാപകലുഷിതമായ ലോകത്തിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിന് ഈശോ പഠിപ്പിച്ച സ്നേഹശാസ്ത്രത്തിനു മാത്രമേ കഴിയൂ എന്ന് ത്രേസ്യാ മനസ്സിലാക്കി. അതുകൊണ്ടാണ് സംസ്കാരവും ശാസ്ത്രജ്ഞാനവുമുള്ള ഒരു ഫ്രഞ്ചുയുവതി അവളുടെ വ്യക്തിപ്രഭാവവും രചനകളുംവഴി മനുഷ്യഹൃദയത്തിന്റെ ആഴങ്ങൾ കണ്ടെത്തുന്നു എന്ന് യുനെസ്കോ റിപ്പോർട്ടു ചെയ്തത്.

ജീവിതത്തിന്റെ അർഥവും വ്യക്തിപരതയും ശാന്തിയും തേടിയുള്ള യാത്രയിൽ അനുഗമിക്കാവുന്ന പുതിയ പാതകൾ കണ്ടെത്തുകയും ചെയ്യുന്നു.

ആഗോളമിഷൻ മധ്യസ്ഥയായ വി. കൊച്ചുത്രേസ്യായെ യുനെസ്കോ ആദരിച്ചതുവഴി അവളുടെ കുറുക്കുവഴിയെ അനുഗമിക്കുന്നവർക്ക് അഭിമാനിക്കാം; ദൈവത്തിനു നന്ദി പറയാം. ■

# ജനവാസകേന്ദ്രങ്ങൾ ബഫർസോണിൽ

1-ാംപേജ് തുടർച്ച

ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കുക. 25.16 ചതുരശ്ര കിലോമീറ്ററാണ് എറണാകുളം ജില്ലയിലെ തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ ആകെ വിസ്തീർണം. ഇതിനോടനുബന്ധിച്ചു പ്രഖ്യാപിക്കപ്പെട്ട ബഫർസോൺ 28.444 ചതുരശ്ര കിലോമീറ്ററാണ്. കുട്ടമ്പുഴ പഞ്ചായത്തിലെ ജനസാന്ദ്രത കൂടിയ നൂറേക്കർ മുതൽ സീനായിക്കുന്ന് വരെയുള്ള പ്രദേശങ്ങൾ, ഉരുളൻതണ്ണി വാർഡിലെ പിണവൂർകുടി ഉൾപ്പെടെയുള്ള ജനവാസമേഖലകൾ, കീരമ്പാറ പഞ്ചായത്തിലെ തട്ടേക്കാട് മുതൽ പാലമറ്റം വരെയുള്ള പ്രദേശങ്ങൾ, പിണ്ടിമന പഞ്ചായത്തിലെ വിവിധ പട്ടയഭൂമികൾ എന്നിവയെല്ലാം റിപ്പോർട്ട് പ്രകാരം ബഫർസോണിൽ ഉൾപ്പെട്ടിരിക്കുകയാണ്. പെരിയാർ വന്യജീവിസങ്കേതത്തോടു ചേർന്നുകിടക്കുന്ന കോട്ടയം ജില്ലയിലെ എരുമേലി പഞ്ചായത്തിലെ കാർഷിക മേഖലകളായ പമ്പാവാലി, എയ്ഞ്ചൽവാലി വാർഡുകൾ പൂർണമായും വനഭൂമിയാണെന്നാണ് റിപ്പോർട്ടിലുള്ളത്. തലമുറകളായി കാർഷികവൃത്തിയെ ആശ്രയിച്ചുകഴിയുന്ന ആയിരക്കണക്കിനു സാധാരണ കുടുംബങ്ങളാണ് ഇവിടെ അധിവസിക്കുന്നത്. പെരിയാർ കടുവാസങ്കേതത്തിനു സമീപമുള്ള പത്തനംതിട്ട ജില്ലയിലെ പെരുനാട് വില്ലേജ് മാപ്പിൽ ഇടം പിടിച്ചിട്ടേയില്ല.

കണ്ണൂർ ജില്ലയിലെ ആറളം, കൊട്ടിയൂർ വന്യജീവിസങ്കേതങ്ങൾക്കു ചുറ്റുമുള്ള ജനവാസകേന്ദ്രങ്ങൾ, കോഴിക്കോട് ജില്ലയിലെ മലബാർ വന്യജീവിസങ്കേതത്തിന്റെ ഒരു കിലോമീറ്റർ പരിധിക്കുപുറത്തുള്ള ജനനിബിഡമായ വില്ലേജുകൾ എല്ലാംതന്നെ ബഫർസോൺ പട്ടികയിലുണ്ട്.




ഈ ഉദാഹരണങ്ങളെല്ലാം ഉപഗ്രഹസർവേറിപ്പോർട്ടിന്റെ അശാസ്ത്രീയത വ്യക്തമാക്കുന്നതാണ്. കൂടാതെ, ഇക്കാലമത്രയും ബഫർസോണുകൾ വില്ലേജുകളുടെ അടിസ്ഥാനത്തിലായിരുന്നു സൂചിപ്പിച്ചിരുന്നതെങ്കിൽ ഇപ്പോൾ പഞ്ചായത്തടിസ്ഥാനത്തിലാക്കിയതിലും സർക്കാരിന്റെ നിക്ഷിപ്തതാത്പര്യങ്ങളുണ്ട്. 115 പഞ്ചായത്തുകളിലെ മുന്നൂറിലധികം വില്ലേജുകളിലെ ലക്ഷക്കണക്കിനു ജനങ്ങളെ ബാധിക്കുന്ന പ്രശ്നത്തെ നിസാരവത്കരിച്ചു പൊതുസമൂഹത്തിന്റെ ശ്രദ്ധ തിരിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. റിപ്പോർട്ടിന്മേൽ ആക്ഷേപങ്ങളും പരാതികളും അറിയിക്കാനും നിജസ്ഥിതി ബോധ്യപ്പെടുത്തുന്നതിനും അനുവദിച്ചിരിക്കുന്നത് വളരെ തുച്ഛമായ സമയം മാത്രമാണ്. പരാതികൾ സ്വീകരിക്കാൻ നിശ്ചയിച്ചിരിക്കുന്ന സമയപരിധി ജനുവരി ഏഴാണ്. എല്ലാ പഞ്ചായത്തുകളിലും ഹെൽപ്ഡസ്ക് തയ്യാറാക്കി നേരിട്ടുള്ള സ്ഥലപരിശോധന ഉൾപ്പടെ എല്ലാ നടപടികളും പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. വിഷയത്തിൽ റവന്യൂ - വനം - തദ്ദേശവകുപ്പുകൾ തമ്മിൽ ഏകോപനമില്ലാത്തതും വിഷയം വഷളാക്കുകയാണ്. ചുരുക്കത്തിൽ, ബഫർസോൺ വിഷയത്തിൽ സർക്കാർ പുലർത്തുന്ന കുറ്റകരമായ അനാസ്ഥ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കുകയാണ്. ■




**ജനുവരി 8**
**ദനഹാക്കാലം**
**ഒന്നാം ഞായർ**

**പുറ 3:1–12**
**ഏശ 44:28–45:4**
**2 തിമോ 3:10–15**
**ലൂക്കാ 4:16–22a**





# കർത്താവിന്റെ ദൗത്യം, നമ്മുടേതും

**ഡോ. ജോസഫ് കരികുളം**

ചോദ്യം: സർവേശ്വരൻ എന്തിനു നിന്നെ സൃഷ്ടിച്ചു?

ഉത്തരം: തന്നെ അറിഞ്ഞ്, സ്നേഹിച്ച്, തന്റെ വിശുദ്ധപ്രമാണങ്ങൾ കാത്തുകൊണ്ട്, തന്നെ ശുശ്രൂഷിച്ച്, നിത്യമായി രക്ഷപ്പെടുത്താൻ എന്നെ സൃഷ്ടിച്ചു.

ക്രിസ്തീയ വേദോപദേശ സംക്ഷേപത്തിൽ പഠിപ്പിക്കുന്ന ക്രിസ്ത്യാനിയുടെ ജീവിതത്തിന്റെ ഉദ്ദേശ്യമാണിത്.

ഈ ഭൂമിയിൽ പിറന്നുവീഴുന്ന ഓരോ ശിശുവിനും ഒരു ദൗത്യമുണ്ട്. അത് ദൈവത്തിനായി ജീവിക്കുക, ദൈവത്തിലേക്ക് എത്തുക എന്നതാണ്! ചിലർക്കാകട്ടെ, ദൈവത്തിലേക്ക് തന്നെത്തന്നെ നയിക്കുന്നതിനൊപ്പം തന്റെ സഹോദരരെയും അവിടുന്നിൽ എത്തിക്കാനുള്ള നേതൃത്വത്തിന്റെ ദൗത്യവുംകൂടി നൽകപ്പെട്ടിരിക്കുന്നു.

ഒന്നാം വായന ഓർമിപ്പിക്കുന്നത് മോശയുടെ ദൗത്യമാണ് (പുറ. 3:1–12). ഈജിപ്തിൽ അടിമകളായിരിക്കുന്ന ഇസ്രായേൽജനത്തിന്റെ നിലവിളി കേൾക്കുകയും (3:9), ക്ലേശങ്ങൾ കാണുകയും (3:7) ചെയ്യുന്ന ദൈവം, അവരെ മോചിപ്പിക്കുക എന്ന വലിയ ദൗത്യം മോശയെ ഏല്പിക്കുന്നു (3:9,10).

എന്തിനുവേണ്ടിയാണ് ഇസ്രായേൽമക്കളെ ദൈവം മോചിപ്പിക്കുന്നത്? കാരണം, അവർ ദൈവത്തിന്റെ ജനമായിരുന്നു. "നീ എന്റെ ജനമായ ഇസ്രായേൽമക്കളെ ഈജിപ്തിൽനിന്നു പുറത്തുകൊണ്ടുവരണം" (3:10). ഇതൊക്കെ ചെയ്യാൻ 'ഞാനാരാണ്' എന്നതാണ് അപ്പോൾ ദൈവത്തോടുള്ള മോശയുടെ ചോദ്യം (3:11). രണ്ടുത്തരങ്ങളാണ് ഈ ചോദ്യത്തിനു മറുപടിയായി ദൈവം നൽകുന്നത്: "ഞാൻ നിന്നോടുകൂടെയുണ്ടായിരിക്കും" (3:12). ദൈവം കൂടെയുള്ളവനാണ് മോശ! സൃഷ്ടിക്കപ്പെട്ട എല്ലാ മനുഷ്യരിലും ദൈവത്തിന്റെ അംശമുണ്ട് എന്നത് നമ്മുടെ വിശ്വാസമാണ്. വിശ്വാസത്തിൽ മാത്രം അത് ഒതുങ്ങിപ്പോകുമ്പോളാണ് മോശയെപ്പോലെ 'താനാരാണ്' എന്നന്വേഷിച്ചു നടക്കുന്നവനായി ചിലരെയെങ്കിലും നാം കാണുന്നത്. തന്റെ ഉള്ളിലുള്ള ദൈവാംശത്തിന്റെ വെളിച്ചത്തിൽ ഈ ലോകത്തിൽ വ്യാപരിക്കാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

ദൈവത്തിന്റെ രണ്ടാമത്തെ വാചകം ക്രിസ്തീയജീവിതത്തിന്റെ 'അയയ്ക്കപ്പെടുക' എന്ന അടിസ്ഥാനപ്രമാണത്തെ ഓർമിപ്പിക്കുന്നു. "ഞാനാണ് നിന്നെ അയയ്ക്കുന്നത്..." (3:12). ദൈവാംശമായി ജീവിക്കുന്നവൻ അതേ ദൈവാംശവുമായി ജീവിക്കുന്ന സഹോദരനെ തിരിച്ചറിയുന്നതും അവനോടൊത്തു ദൈവത്തെ അന്വേഷിക്കുന്നതുമാണ് ക്രിസ്തീയദൗത്യം (mission). മോശ അയയ്ക്കപ്പെടുന്നതും ദൈവാംശവുമായി ജീവിക്കുന്ന സ്വന്തം സഹോദരരുടെ അടുത്തേക്കാണ്. അതിൽ ഇസ്രായേൽക്കാർ മാത്രമല്ല, ഈജിപ്തുകാരും ഉണ്ടെന്നതാണ് യാഥാർഥ്യം. ദൈവാംശം ഉള്ളിലുള്ളവരാണെന്ന് അഭിമാനിക്കുമ്പോളും പ്രയോഗികജീവിതത്തിൽ അതു യാഥാർഥ്യമാക്കാത്തവർക്ക് ദൈവമഹത്ത്വത്തിലേക്കു പ്രവേശിക്കാനാവില്ല. അവർ ഉള്ളിൽ നന്മയുടെയും സ്നേഹത്തിന്റെയും വെളിച്ചമുണ്ടായിരിക്കേ, തിന്മയുടെയും താൻപോരിമയുടെയും പ്രവർത്തനങ്ങളുമായി ലോകത്തിന്റെ സമാധാനം നശിപ്പിക്കുന്നു. ഈജിപ്തുകാരും ഇസ്രായേൽക്കാരും തമ്മിലുള്ള വ്യത്യാസത്തെ ഇങ്ങനെ വ്യാഖ്യാനിക്കാം. ഇരുകൂട്ടരിലുമുള്ള ദൈവാംശത്തെ പുനർജീവിപ്പിച്ച് ദൈവികസ്വാതന്ത്ര്യം ഉറപ്പാക്കുക എന്നതാണ് ദൈവത്താൽ അയയ്ക്കപ്പെടുന്ന എല്ലാ മോശമാരുടെയും ദൗത്യം.

ഇതേ ആശയംതന്നെയാണ് ഏശയ്യാപ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള രണ്ടാമത്തെ വായനയിലും മുഴങ്ങിക്കേൾക്കുന്നത് (ഏശ. 44:28–45,4). ദൈവമാണ് കർത്താവെന്നും ദൈവമല്ലാതെ മറ്റൊരു കർത്താവില്ലെന്നും കർത്താവല്ലാതെ മറ്റൊരു ദൈവമില്ലെന്നും ജനം അറിയണം. ഇനി, "നീ എന്നെ അറിയുന്നില്ലെങ്കിലും ഞാൻ നിന്റെ അര മുറുക്കും" (45:5). ദൈവാംശവുമായി ജീവിക്കുന്ന മനുഷ്യനെ അത് ബോധ്യപ്പെടുത്തി രക്ഷയുടെ പാതയിലേക്കു തിരിച്ചുകൊണ്ടുവരേണ്ട ഉത്തരവാദിത്വംകൂടി ദൈവം ഏറ്റെടുത്തിരിക്കുന്നു. ദൈവമക്കളാണെന്നു പറയുകയും അതനുസരിച്ചു ജീവിക്കാതിരിക്കുകയും ചെയ്യുന്നവരുടെ വിശ്വാസത്തെയും പ്രവൃത്തിയെയും ഒന്നാക്കുക എന്നതാണ് അയയ്ക്കപ്പെടുന്നവരുടെ ദൗത്യം (45:6).

മോശയും ഏശയ്യായും മറ്റ് അയയ്ക്കപ്പെട്ടവരുമെല്ലാം ദൈവാംശം ഉള്ളവരും ദൈവാംശത്തെന്നെയുള്ള സ്വന്തം സഹോദരരെ തേടിയിറങ്ങാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടവരുമാണെങ്കിൽ, ദൈവംതന്നെയായ ഈശോയാകട്ടെ ദൈവാംശമുള്ള തന്റെ സഹോദരരെ തേടി, മനുഷ്യനായി, ഭൂമിയിൽ ജനിക്കുന്നു. അവന്റെ ലക്ഷ്യം നേരത്തേ പറഞ്ഞതുതന്നെ, പക്ഷേ, ചെറിയൊരു മാറ്റമുണ്ട്, ഇതുവരെ ദൈവം മനുഷ്യരെയാണ് തന്റെ ദൗത്യവുമായി അയച്ചതെങ്കിൽ, ഇവിടെ ദൈവം തന്നെത്തന്നെ അയയ്ക്കുന്നു (ലൂക്കാ 4:16–22a).

ദൈവമായ കർത്താവിന്റെ ആത്മാവ് എന്റെമേലുണ്ട് എന്ന് ഉറക്കെ പ്രഖ്യാപിക്കുന്നത് ഏശയ്യാപ്രവാചകനാണ് (ഏശ. 61:1). ഏശയ്യാ തന്റെ ജീവിതകാലത്ത് പ്രവചനങ്ങളിലൂടെയും ജീവിതസാക്ഷ്യത്തിലൂടെയും കർത്താവിന്റെ ആത്മാവിന്റെ ശക്തി തെളിയിച്ചെങ്കിൽ, ദൈവമായ ഈശോമിശിഹാ സ്വന്തം ശരീരത്തിലൂടെയാണ് ആത്മാവിന്റെ ശക്തി തെളിയിച്ചത്. അത് അവിടത്തെ മരണവും ഉത്ഥാനവുംവഴി പാപരഹിതമായ ഒരു പുതിയ മനുഷ്യനു ജന്മം നൽകിക്കൊണ്ടാണ്. പുതിയ മനുഷ്യന്റെ ജനനത്തിലേക്കുള്ള പ്രയാണത്തിന്റെ തുടക്കം മാത്രമാണ് ക്രിസ്മസ്. ഈശോയുടെ ദൗത്യം മനുഷ്യന്റെ പാപം മോചിച്ച്, അവനെ പിശാചിന്റെ അടിമത്തത്തിൽനിന്നു മോചിപ്പിച്ച്, ദൈവത്തിന്റെ മഹത്ത്വത്തിലേക്കു അവനെ പ്രവേശിപ്പിക്കുക എന്നതാണ്. അതു കൃത്യമായി ദൈവം നടത്തുകതന്നെ ചെയ്യും (ലൂക്കാ 4:21; ഏശയ്യാ 45:5).

ദൈവത്തിന്റെ ദൗത്യവുമായി ഭൂമിയിൽ ജനിക്കുന്നവരെല്ലാം ജീവിതത്തിൽ പീഡനവും തിരസ്കാരവും ഏറ്റുവാങ്ങേണ്ടിവരും. കാരണം, സത്യദൈവത്തെ അംഗീകരിക്കുന്നതോ ആരാധിക്കുന്നതോ ലോകത്തിന്റെ ക്രമത്തോടു ചേർന്നുനിൽക്കുന്ന കാര്യങ്ങളല്ല. യഥാർഥ ദൈവാനുഭവം ലഭിക്കുന്ന സ്ഥലങ്ങളിലെല്ലാം അതിനെ തിരസ്കരിക്കാനും തമസ്കരിക്കാനും ശ്രമിക്കുന്ന സാത്താന്റെ കഠിനമായ പ്രവർത്തനങ്ങൾ ഉണ്ടാകും. ഇപ്രകാരം ഉണ്ടാകാവുന്ന പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള മാർഗമാണ് പൗലോസ് ശ്ലീഹായുടെ ലേഖനം നൽകുന്നത് (2 തിമോ. 3:10–15). "നീ പഠിച്ചിട്ടുള്ളതും ഉറപ്പായി വിശ്വസിച്ചിട്ടുള്ളതുമായ കാര്യങ്ങൾ ആരിൽനിന്നാണു പഠിച്ചതെന്നോർത്ത് അവയിൽ സ്ഥിരമായി നിൽക്കുക" (3:14). തിമോത്തിയോസ് കാര്യങ്ങൾ പഠിച്ചത് പൗലോസിൽനിന്നാണെന്നു വ്യക്തമാണല്ലോ. പൗലോസ് വിശ്വാസത്തിലേക്ക് എങ്ങനെ വന്നുവെന്നും അതിനു മുമ്പും പിമ്പുമുള്ള അവന്റെ സ്വഭാവം എന്തായിരുന്നുവെന്നും നമുക്കു പരിചിതവുമാണ്. അതേ തീക്ഷ്ണതയോടെ ദൗത്യനിർവഹണത്തിനായി പ്രവർത്തിക്കുകയെന്നതാണ് നമ്മെ സംബന്ധിച്ചിടത്തോളം വലിയ വെല്ലുവിളി. ■





**വചനാഗ്നി** (ഞായറാഴ്ച വചനവിചിന്തനങ്ങൾ)
ഗ്രന്ഥകർത്താ: ഡോ. ജോർജ് ദാനവേലിൽ
പ്രസാധനം : കാർമൽ ഇന്റർനാഷണൽ പബ്ലിഷിങ് ഹൗസ് തിരുവനന്തപുരം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 300




സീറോ മലബാർ ആരാധനക്രമപഞ്ചാംഗം ഞായറാഴ്ചകളിലെ സുവിശേഷവായനയ്ക്കായി നിർദേശിച്ചിരിക്കുന്ന ഒന്നാം സെറ്റിനെ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന പ്രസംഗസമാഹാരമാണ് വചനാഗ്നി.

**തോമാശ്ലീഹായുടെ രക്തസാക്ഷിത്വവും മൈലാപ്പൂർകബറിടവും - ചരിത്രസാക്ഷ്യങ്ങൾ**
ഗ്രന്ഥകർത്താ: പ്രഫ. ജയിംസ് പുലിയുറുമ്പിൽ
പ്രസാധനം : പൗരസ്ത്യവിദ്യാപീഠം, കോട്ടയം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 180



വിശ്വാസത്തെ ശക്തിപ്പെടുത്താനും സഭാസ്നേഹത്തെ ആഴപ്പെടുത്താനും സഹായകമായ ചരിത്രപഠനം. മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വവും മൈലാപ്പൂരിലെ കബറിടവും ചരിത്രരേഖകളിലൂടെ ഈ ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്നു.

*കർദിനാൾ റോബർട്ട് സറാ രചിച്ച 'ആദ്ധ്യാത്മികജീവിതത്തിന്റെ മതബോധനം' എന്ന ഗ്രന്ഥത്തെക്കുറിച്ച് ഒരു പഠനം.*

8

# പശ്ചാത്താപത്തിന്റെ കൂദാശ



**ഫാ. കുര്യാക്കോസ് നരിതൂക്കിൽ**

കരുണാനിധിയായ ഈശോയിൽ ആശ്രയിച്ചുകൊണ്ട് അവിടുത്തെ ശക്തിയുടെ സഹായത്താൽ ആജീവനാന്തം പാപത്തിനെതിരേയുള്ള പോരാട്ടം നയിക്കാൻ നമ്മൾ ബാധ്യസ്ഥരാണ്. കാരണം, നമ്മുടെ ജീവിതത്തിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ട്; ഇനിയും ഉണ്ടാവുകയും ചെയ്യും.

പിതാവിന്റെ പക്കലേക്ക് ആരോഹണം ചെയ്യുന്നതിനുമുമ്പായി ഉത്ഥിതനായ മിശിഹാ തന്റെ നാമത്തിൽ പാപങ്ങൾ മോചിക്കാനുള്ള അധികാരവും ദൗത്യവും സഭയെ ഭരമേല്പിക്കുകയുണ്ടായി.

പാപംവഴി നമ്മിലെ ദൈവിക ജീവൻ നഷ്ടമാകുന്നു. നഷ്ടപ്പെട്ട ദൈവികസാന്നിധ്യം കുമ്പസാരംവഴി വീണ്ടെടുക്കാൻ സാധിക്കുന്നു. അതുകൊണ്ടാണ് ഈ ദിവ്യകൂദാശ പശ്ചാത്താപത്തിന്റെയും ഏറ്റുപറച്ചിലിന്റെയും പ്രായശ്ചിത്തത്തിന്റെയും പാപമോചനത്തിന്റെയും പാപപ്പരിഹാരത്തിന്റെയും കൂദാശ എന്നു വിളിക്കപ്പെടുന്നത്.

അനുരഞ്ജനകൂദാശയെക്കുറിച്ച് ഇപ്രകാരമുള്ള ചിന്തകൾ പങ്കുവയ്ക്കുന്ന കർദിനാൾ സറാ പാപത്തെക്കുറിച്ചും പാപബോധത്തെ സംബന്ധിച്ചുമാണു തുടർന്നു പ്രതിപാദിക്കുന്നത്.

**പാപം**

പാപത്തെ ദൈവകല്പനകളുടെ ലംഘനമായി മാത്രം കണ്ടാൽ പോരാ. നമ്മൾ എല്ലാറ്റിനും കടപ്പെട്ടിരിക്കുന്ന ദൈവത്തോടുള്ള ആത്മബന്ധമാണ് പാപംവഴി അറ്റുപോകുന്നത്. ദൈവം മനുഷ്യനു ദാനമായി നല്കുന്ന ദൈവികജീവനെയാണ് പാപം വഴി തള്ളിക്കളയുന്നത്. നമ്മുടെ പാപങ്ങൾ നമ്മളെ വിശുദ്ധിയിലേക്കു വിളിക്കുന്ന ദൈവത്തിന്റെ ദൃഷ്ടിയിൽ എന്താണെന്നാണ് നമ്മൾ ഗ്രഹിക്കേണ്ടത്.

മാനസാന്തരത്തിന്റെ വരത്തിനായി നാം ദൈവത്തോടു നിരന്തരം യാചിക്കണം. മാനസാന്തരം പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ നമ്മുടെ ഹൃദയത്തിൽ മുളയെടുത്തു പാപമോചനത്തിൽ പൂർത്തിയാകുന്ന ഒരു പ്രവർത്തനമാണ്. അതുവഴി നമ്മുടെ വ്യക്തിപരമായ ജീവിതം ദൈവസ്തുതിയും പരിശുദ്ധ റൂഹായുടെ വാസസ്ഥലവും ദിവ്യകാരുണ്യ ഈശോയുടെ ജീവിക്കുന്ന സക്രാരിയുമായി രൂപാന്തരപ്പെടുന്നു. പാപമോചനകൂദാശയുടെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് കർദിനാൾ സറാ എഴുതുന്നു: "മിശിഹായെക്കൂടാതെ സഭയ്ക്ക് ഒന്നും മോചിക്കാൻ സാധിക്കുകയില്ല; സഭയെക്കൂടാതെ ഒന്നും മോചിക്കാൻ മിശിഹായും ആഗ്രഹിക്കുന്നില്ല. മാനസാന്തരപ്പെട്ടവന് അതായത്, മിശിഹായുടെ ദിവ്യസ്പർശനം അനുഭവിച്ചവനു മാത്രമേ സഭയ്ക്കു പാപമോചനം നല്കാൻ സാധിക്കൂ." (പേജ് 151).

**പാപബോധമില്ലായ്മ**

പശ്ചാത്താപത്തിന്റെ കൂദാശയായ കുമ്പസാരം ആധുനികലോകത്തു പലയിടങ്ങളിലും അന്യമായിത്തീർന്നിട്ടുണ്ട്. ആദ്യമേ, സത്യത്തോടുള്ള പ്രതിബദ്ധത നഷ്ടമാകുന്നു, തുടർന്ന് പാപബോധം നഷ്ടമാകുന്നു.

1946 ൽ പന്ത്രണ്ടാം പീയൂസ് മാർപാപ്പാ പ്രസ്താവിച്ചു: "പാപബോധം നഷ്ടപ്പെട്ടു എന്നതാണ് ഈ നൂറ്റാണ്ടിന്റെ പാപം."

പാപബോധം നഷ്ടപ്പെട്ടതിനോടൊപ്പം ഇന്നലെവരെ കഠിനതിന്മയും കുറ്റകൃത്യവുമായി കണക്കാക്കപ്പെട്ടിരുന്ന ഗർഭച്ഛിദ്രവും ദയാവധവുമെല്ലാം മനുഷ്യന്റെ അടിസ്ഥാനാവകാശങ്ങളായി അവതരിപ്പിക്കപ്പെടുന്നു. എല്ലാവിധ ലൈംഗികവൈകൃതങ്ങളെയും ന്യായീകരിക്കുന്നു. ദൈവത്തെയും ധാർമികബോധത്തെയും ബോധപൂർവം മാറ്റിനിർത്തിക്കൊണ്ട് സുഖഭോഗങ്ങൾ മാത്രമാണ് ജീവിതലക്ഷ്യമെന്നു മനുഷ്യൻ സ്വയം നിർണയിക്കുന്ന ദൗർഭാഗ്യകരമായ നിലയിലെത്തിയിരിക്കുന്നതായി ഗ്രന്ഥകാരൻ ചൂണ്ടിക്കാണിക്കുന്നു.


വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ 1984 ൽ പ്രസിദ്ധം ചെയ്ത 'അനുരഞ്ജനവും പ്രായശ്ചിത്തവും' എന്ന അപ്പസ്തോലികപ്രബോധനത്തിൽ ആധുനികമനുഷ്യൻ മനഃസാക്ഷിയെ മറച്ചുപിടിക്കുകയും മയക്കിക്കിടത്തുകയും ചെയ്യുന്നുവെന്നു നിരീക്ഷിക്കുന്നു. ദൈവമില്ലെങ്കിൽ പാപവും അപ്രസക്തമാകുമെന്ന കണക്കുകൂട്ടലിലാണ് സർവത്രസ്വതന്ത്രനാണെന്നു സ്വയം പ്രഖ്യാപിക്കുന്ന മനുഷ്യർ ജീവിക്കുന്നത്.

''സമയം പൂർത്തിയായി. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മനസ്തപിച്ചു സുവിശേഷത്തിൽ വിശ്വസിക്കുവിൻ'' (മർക്കോസ് 1, 15).

ഈശോയുടെ ദൗത്യത്തിന്റെ സാരാംശം അവിടുന്ന് അരുൾചെയ്ത ഈ ആദ്യവാക്യങ്ങളിൽത്തന്നെയുണ്ട്. മനസ്തപിക്കാനാണ് അവിടുന്ന് ആഹ്വാനം ചെയ്യുന്നതെന്ന് മറക്കാതിരിക്കാം.

**പശ്ചാത്താപത്തിന്റെ കൂദാശയോടുള്ള വിപ്രതിപത്തി**

ഗ്രന്ഥകാരൻ, പാശ്ചാത്യരാജ്യങ്ങളിൽ ഇന്നു പടർന്നുപിടിക്കുന്ന പ്രായോഗികനിരീശ്വരത്വത്തെപ്പറ്റി പറയുന്നുണ്ട്. ഭൗതികമാത്രപ്രസക്തജീവിതവീക്ഷണത്തെയാണ് പ്രായോഗികനിരീശ്വരത്വം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. വിശ്വാസം മന്ദീഭവിക്കുമ്പോൾ വിശ്വാസാനുസൃത ജീവിതം ഉപേക്ഷിക്കുന്നു. ഞായറാഴ്ചയ്ക്കുർബാനയും വിശുദ്ധ കുർബാനസ്വീകരണവും വി. കുമ്പസാരവുമെല്ലാം ഇപ്രകാരം ഉപേക്ഷിക്കപ്പെടുന്ന ജീവിതക്രമങ്ങളാണ്.




കർദിനാളിന്റെ സുപ്രധാനമായ ഒരു നിരീക്ഷണം വിശുദ്ധ കുർബാനസ്വീകരണത്തിനു മുമ്പുള്ള ഉപവാസത്തെക്കുറിച്ചാണ്.

ഇന്നിപ്പോൾ ആ ഉപവാസം തന്നെ ഇല്ലെന്നായി. കുർബാന സ്വീകരണത്തിനുള്ള ശാരീരികമായ ഒരു ഒരുക്കമായിരുന്നു ഈ ഉപവാസം. പാതിരാമുതൽ വിശുദ്ധ കുർബാന സ്വീകരിക്കുന്നതുവരെയായിരുന്നു ഈ ഉപവാസം. സാവധാനം ആത്മീയ ഒരുക്കവും അപ്രത്യക്ഷമായി. കുമ്പസാരവുമായി കുർബാനസ്വീകരണത്തിനുള്ള ബന്ധവും കണക്കിലെടുക്കാതായി. കർദിനാൾ സറാ എഴുതുന്നു: ''വളരെയധികം ക്രൈസ്തവർ ഇന്ന് കുമ്പസാരം എന്ന കൂദാശയിലൂടെ പാപം മോചനംപ്രാപിക്കാതെ വിശുദ്ധ കുർബാന സ്വീകരിക്കുന്നുണ്ട്'' (പേജ് 156).

വിശുദ്ധ കുർബാനയെ സംബന്ധിച്ചു മതബോധനത്തിലും പ്രഘോഷണങ്ങളിലും ഗുരുതരമായ കൃത്യവിലോപം വരുത്തുന്നതുകൊണ്ട് വിശുദ്ധ കുർബാനയിലെ നമ്മുടെ കർത്താവിന്റെ യഥാർഥസാന്നിധ്യം അംഗീകരിക്കാത്തവരുടെ എണ്ണം വർധിച്ചുവരുന്നു! അവർക്കു കുർബാന എല്ലാവരും ഭാഗഭാക്കാകുന്ന ആഘോഷപൂർവമായ വിരുന്നായി മാത്രം ചുരുങ്ങുന്നു. ഇപ്രകാരമുള്ള നിരീക്ഷണങ്ങൾ സമാപിപ്പിച്ചുകൊണ്ട് കർദിനാൾ സറാ പറയുന്നു: "വചനശുശ്രൂഷയിൽ കൊറീന്തോസിലെ സഭയ്ക്കുള്ള ഒന്നാം ലേഖനം പതിനൊന്നാം അധ്യായത്തിൽ വിശുദ്ധ കുർബാന സ്ഥാപനവിവരണം വായിക്കുമ്പോൾ 27, 28, 29 വാക്യങ്ങൾ ചിലർ മനഃപൂർവം വിട്ടുകളയുന്നു." പൗലോസ് ശ്ലീഹായുടെ ഈ പഠനം വിട്ടുകളയാൻ പാടില്ല. അവ ചുവടെ ചേർക്കുന്നു:

"ആകയാൽ, ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും അവന്റെ പാത്രത്തിൽനിന്നു പാനം ചെയ്യുകയും ചെയ്യുന്നുവോ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനുമെതിരേ അപരാധിയാകും. അതിനാൽ, ഓരോരുത്തരും ആത്മപരിശോധന ചെയ്തശേഷം ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രം പാനം ചെയ്യുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ, കർത്താവിന്റെ ശരീരത്തെ വിവേചിച്ചറിയാതെ അയോഗ്യമാംവിധം ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവൻ തനിക്കുതന്നെയുള്ള ശിക്ഷാവിധി ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നു" (1 കൊറി. 11, 27–29).

മനുഷ്യാവതാരദിവ്യരഹസ്യത്തിലെ വീണ്ടെടുപ്പിന്റെ – നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും – ചിന്തകൾ വിസ്മരിക്കരുതെന്നും ഗ്രന്ഥകർത്താവ് ഓർമിപ്പിക്കുന്നു. ഉദ്ഭവപാപം, ചാവുദോഷം, പ്രലോഭനം, ശുദ്ധീകരണസ്ഥലം, നരകശിക്ഷ മുതലായ കാര്യങ്ങളെക്കുറിച്ചുള്ള ശരിയായ പഠനങ്ങൾ, രക്ഷാകരദിവ്യരഹസ്യത്തിന്റെ ഭാഗമായി അവതരിപ്പിക്കാൻ അവസരോചിതമായി ശ്രമിക്കുവാൻ ആധ്യാത്മികഗുരുക്കന്മാരായ വൈദികർക്കു കടമയുണ്ട്.

ലോകത്തിൽ നന്മയും തിന്മയും തമ്മിലുള്ള പോരാട്ടമുണ്ട്. അന്ധകാരവും പ്രകാശവും തമ്മിലുള്ള ഏറ്റുമുട്ടലുണ്ട്. വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ ലോകത്തിലേക്കു വരുന്ന, എല്ലാവരെയും പ്രകാശിപ്പിക്കുന്ന യഥാർഥ വെളിച്ചം' എന്നാണ് ഈശോയെപ്പറ്റി പറയുന്നത് (യോഹ. 1, 9). "വെളിച്ചം ലോകത്തിലേക്കു വന്നു. എന്നാൽ, തങ്ങളുടെ പ്രവൃത്തികൾ ദുഷ്ടമായിരുന്നതിനാൽ, മനുഷ്യർ വെളിച്ചത്തെക്കാൾ അധികമായി ഇരുളിനെ സ്നേഹിച്ചു" (യോഹ. 3,19) എന്നും എഴുതപ്പെട്ടിരിക്കുന്നു. വെളിപാടിന്റെ പുസ്തകത്തിലും ഈ യുദ്ധത്തെക്കുറിച്ചു പരാമർശിക്കുന്നുണ്ട് (12, 7–9).

ഇന്ന് ജീവിതത്തിലെ പരീക്ഷണങ്ങൾക്കും സഹനങ്ങൾക്കും പാപപ്പരിഹാരത്തിന്റെയും രക്ഷയുടെയും ഒരു മാനം നല്കുവാൻ സാധിക്കാതെപോകുന്നു.

രക്ഷ എന്ന ദിവ്യരഹസ്യം തന്നെ ഭൗതികമായ ജീവിതവിജയമായി പുനർനിർവചനം ചെയ്യപ്പെടുകയും നീതിക്കും സമാധാനത്തിനുംവേണ്ടിയുള്ള പ്രവർത്തനവും പാരിസ്ഥിതികസംരക്ഷണവും സാമൂഹികപ്രവർത്തനങ്ങളും മാത്രമാണ് സഭയുടെ ദൗത്യമെന്നു തെറ്റിദ്ധരിക്കാൻ ഇടയാകുകയും ചെയ്യുന്നു.

ഇതൊക്കെയാണെങ്കിലും ആധുനികമനുഷ്യൻ അസ്വസ്ഥനും നിരാശനുമാണ്.

നിത്യരക്ഷയുടെയും സ്വർഗീയസൗഭാഗ്യത്തിന്റെയും പ്രത്യാശ മാത്രമേ മനുഷ്യനെ തൃപ്തനാക്കുകയുള്ളൂ.

ദൈവത്തിൽനിന്ന് അകന്നുപോയവനു പാപബോധവും പശ്ചാത്താപവും മാനസാന്തരവും കണ്ടെത്താനുള്ള ഇടമാണ് സഭയുടെ കൗദാശികജീവിതം.

■

# ഒന്നു മിണ്ടാൻ, ചിരിക്കാൻ എന്തേ ഇത്ര മടി ?



ജോസ് വഴുതനപ്പിള്ളി

ആധുനികസാങ്കേതികവിദ്യയും ഇന്നത്തെ തിരക്കേറിയ ജീവിതവും നമ്മെ മറ്റുള്ളവരിൽനിന്ന് ഒറ്റപ്പെടുത്തി ഒരു ഏകാന്തദ്വീപിൽ എത്തിക്കുന്ന പ്രവണത കാണിക്കുന്നു. പക്ഷേ, തുറവോടെ മറ്റുള്ളവരിലേക്ക് എത്തിച്ചേരുമ്പോഴുളവാകുന്ന അതീവമായ ഇമ്പത്തിലേക്കും അതുയർത്തുന്ന യഥാർഥ മൂല്യത്തിലേക്കുമാണ് മനഃശാസ്ത്രം വിരൽചൂണ്ടുന്നത്.

ശരാശരി മനുഷ്യൻ ഇന്നു ജീവിക്കാനുള്ള നെട്ടോട്ടത്തിലാണ്. സമയം തീരെയില്ല; ഒരു നൂറുകൂട്ടം കാര്യങ്ങൾ ചെയ്തുതീർക്കണം. ഓഫീസിലേക്കോ പണിയിടത്തിലേക്കോ പണിപ്പെട്ട് ഒരു ബസ്സിൽ അല്ലെങ്കിൽ ഒരു ട്രെയിനിൽ കയറിപ്പറ്റിയാൽ പിന്നെ വീട്ടിൽ ആരോ മരിച്ചുപോയി എന്ന മട്ടിൽ വിഷാദവദനരായി നാമങ്ങനെ ഇരിക്കും. ഒരുപക്ഷേ, അഞ്ചോ പത്തോ നിമിഷം ഒരാളുടെ അടുത്തിരുന്നാലും നമ്മുടെ അന്തസ്സും ആഭിജാത്യവും എല്ലാം ഇടിഞ്ഞുപോകുമെന്ന മട്ടിൽ ആരോടും മിണ്ടാതെ മസിലുപിടിച്ചങ്ങിരിക്കും. വാഹനത്തിൽനിന്നിറങ്ങി ഓഫീസിലേക്കു നടക്കുമ്പോഴും കാണും കുറെ ആളുകൾ ഒപ്പം. പക്ഷേ, 'ഓൾ സൈലെൻസ് മോഡി'ലായിരിക്കും നാം അപ്പോഴും.

ചെയ്യുന്ന ജോലിക്കനുസരിച്ചു ചിലർ ഒരു ദിവസം നൂറുകണക്കിനു വ്യക്തികളുമായി സമ്പർക്കം പുലർത്തുന്നു, എന്നാൽ, യാന്ത്രികമായി ഉത്തരം പറയുന്നതല്ലാതെ നാം എത്രപേരുമായി സംവദിക്കുന്നു? പരസ്പരം ഹൃദയം തുറക്കാനും അറിയാനും ശ്രമിക്കുന്നു? ഇതെപ്പോഴും നമ്മുടെ കുറവുകൊണ്ടായിരിക്കണമെന്നില്ല. എല്ലാവരും നമ്മെപ്പോലെതന്നെ വലിയ തിരക്കിലാണ്.

**സമ്പർക്കത്തിനുള്ള തടസ്സങ്ങൾ**

ഇന്നു സമ്പർക്കത്തിനുള്ള തടസ്സങ്ങൾ നിരവധിയാണ്. പ്രധാനമായും ആധുനികമനുഷ്യനിലുള്ള 'തനിക്കാരെയും ആവശ്യമില്ല' എന്ന തോന്നൽ - മറ്റുള്ളവരുടെ കാര്യങ്ങളിൽ താത്പര്യമില്ലാത്ത ഒരു 'ഡോണ്ട് കെയർ ആറ്റിറ്റ്യൂഡ്'. ഒച്ചിനെപ്പോലെ സ്വന്തം പുറന്തോടിനുള്ളിൽ ഉൾവലിയാനുള്ള തിടുക്കം. പോരാത്തതിനിപ്പോൾ ചെവിയുടെതന്നെ ഭാഗമായിക്കഴിഞ്ഞ മൊബൈൽഫോൺ!

ഒരു പരിചയക്കാരനോട് 'ഹായ്' പറയാൻ അല്ലെങ്കിൽ വസ്ത്രത്തിന്റെ ഭംഗിയെപ്പറ്റി എന്തെങ്കിലും നല്ലതുപറയാൻ, ഒരാളെ അഭിനന്ദിക്കാൻ, നമുക്കിപ്പോൾ സമയമോ അവസരമോ ഇല്ല. ഒരാൾ നല്ലതു പറയുന്നതു കേൾക്കാനോ ആസ്വദിക്കാനോ സാധിക്കുന്നില്ലെങ്കിൽ അതു കഷ്ടമല്ലേ?

ചെറിയ ദൈനംദിന ഇടപെടലുകൾക്കു വലിയ ആഴത്തിലുള്ള മാനുഷ്യത്വപരമായ സ്പർശനമുണ്ട്. അത് ഉന്നതമായ ചില അർഥങ്ങളും സൗഹൃദവും ഊഷ്മളതയും സമ്മാനിക്കുന്നു. ലളിതമായ ആനന്ദത്തിന്റെ, ആത്മഹർഷത്തിന്റെ ഒരു കുളിർനീരുറവ തുറക്കാൻ അത്തരം സംവാദങ്ങൾക്കു കഴിവുണ്ട്.

എന്തുകൊണ്ടാണ് നാം മനഃപൂർവം നമ്മെത്തന്നെ ഒറ്റപ്പെടുത്തുന്നത്? ന്യൂയോർക്കിൽ കുറെയേറെപ്പേരെ ചേർത്ത് ഒരു സാമൂഹികപരീക്ഷണം നടത്തി. അവരെ ഒരുമിച്ച് ഒരു യാത്രയ്ക്കു കൊണ്ടുപോയി. അപരിചിതനോടു സംസാരിക്കുന്നതിനെപ്പറ്റി എന്തു തോന്നുന്നുവെന്നു യാത്രക്കാരോടു ചോദിച്ചപ്പോൾ, എല്ലാവരുംതന്നെ പ്രതികരിച്ചത്, അത്ര സ്വീകാര്യമായ കാര്യമല്ല എന്നാണ്. എന്നിരുന്നാലും, സവാരിക്കു ശേഷം, പങ്കെടുത്തവരിൽ പകുതിപ്പേരോടും അവരുടെ അടുത്തിരിക്കുന്ന വ്യക്തിയുമായി സംവദിക്കാൻ ഗവേഷകർ നിർബന്ധിച്ചു. ഫലങ്ങൾ പറഞ്ഞത് അദ്ഭുതപ്പെടുത്തുംവിധം ഏകകണ്ഠമായിരുന്നു: മറ്റൊരു വ്യക്തിയുമായി സംസാരിച്ചവർക്കു നിശ്ശബ്ദതയിൽ ഇരുന്നവരെക്കാൾ നല്ല അനുഭവം ഉണ്ടായി എന്ന് അവർ റിപ്പോർട്ടുചെയ്തു.

അപരിചിതരുമായി സംസാരിക്കരുതെന്ന് മാതാപിതാക്കൾ കുട്ടികളെ പഠിപ്പിക്കുന്നു. അതിനു തക്കതായ സുരക്ഷാസംബന്ധമായ ചില കാരണങ്ങളുമുണ്ട്.

പക്ഷേ, മുതിർന്നവരായ നാം അങ്ങനെ ചെയ്യുന്നെങ്കിൽ അത് ചില വൻനഷ്ടങ്ങൾ വരുത്തും. പല മനുഷ്യരെയും അപകടസാധ്യതകൾ ഒന്നും കൂടാതെ നമുക്ക് അടുത്തറിയാൻ അവസരമുണ്ടാകും. വേണ്ടിവന്നാൽ നമുക്കവിടെ സ്വയരക്ഷ നോക്കാനുമറിയാം. ആരുമങ്ങനെ നമ്മെ കേറി ആക്രമിക്കാനൊന്നും പോകുന്നില്ല, സന്ദർഭോചിതമായി ഒന്നു സംസാരിച്ചതുകൊണ്ടുമാത്രം.

ചുരുങ്ങിയ സംഭാഷണം മാത്രമായിരിക്കാം, പക്ഷേ, അത് നമ്മുടെ മാനസികാവസ്ഥയിൽ വലിയ മാറ്റമുണ്ടാക്കും. ആരോടെങ്കിലും സംവദിക്കാൻ ശ്രമിക്കുമ്പോൾ, മുഖത്ത് ഒരു ചെറുപുഞ്ചിരികൂടി കൊണ്ടുവരണം. അപ്പോഴാണ് അടുത്തുനിൽക്കുന്നയാൾക്കു നിങ്ങളോട് ഉള്ളുതുറക്കാൻ തോന്നുക.

**നല്ല ബന്ധങ്ങൾ**

പരസ്പരം സംസാരിക്കുമ്പോൾ ഒട്ടേറെ ജീവിതാനുഭവങ്ങൾ നമുക്കു പങ്കിടാനാകും. മറ്റൊരാളുടെ ജീവിതത്തെയും വ്യക്തിത്വത്തെയുംകുറിച്ച് അറിയുക ഒരു വലിയ കാര്യമാണ്. ഒരു ബസ്സിൽ യാത്രപോകുമ്പോൾ ഫാദർ വടക്കൻ പറഞ്ഞ ഒരു കഥയാണ്



പെരുമ്പടവത്തിനെ ഒരു നോവലിന്റെ രചനയ്ക്കു പ്രേരിപ്പിച്ചത്.

മിക്കവാറും എഴുത്തുകാരൊക്കെ ജീവിതാനുഭവങ്ങൾ തേടി ദൂരസ്ഥലങ്ങളിൽ യാത്ര ചെയ്യാറുണ്ട്. എഴുത്തുകാർക്കുമാത്രമല്ല നമുക്കുംവേണം അത്തരം അനുഭവകഥകൾ. അനുഭവങ്ങളിൽനിന്നാണ് ജീവിതം മെച്ചമാക്കാനുള്ള സൂചനകൾ നമുക്കു ലഭിക്കുക.

സോഷ്യൽ നെറ്റ്‌വർക്കിങ് സൈറ്റുകളിൽ യുവാക്കൾ ദിവസംതോറും മണിക്കൂറുകൾ ചെലവഴിക്കുമ്പോഴും, മറ്റുള്ളവർക്കു തുരുതുരെ മഴ പെയ്യുന്നതുപോലെ സന്ദേശങ്ങൾ അയയ്ക്കുമ്പോഴും നല്ല ഹൃദയബന്ധങ്ങൾ, യഥാർഥമായ കണക്ഷനുകൾ മുഖാമുഖം സൃഷ്ടിക്കുന്നതിൽ അവർ പരാജയപ്പെടുന്നു.

നിങ്ങളുടെ കംഫർട്ട്സോണിൽനിന്നു പുറത്തുകടന്ന് നന്നായി അറിയാത്ത മറ്റുള്ളവരുമായി ബന്ധപ്പെടാൻ ശ്രമിക്കുന്നത് പ്രയോജനകരമല്ലെന്നു നിങ്ങൾ കരുതുന്നുണ്ടാകാം. പക്ഷേ, ഇതു തെറ്റാണെന്നു തെളിയിക്കപ്പെട്ടിരിക്കുന്നു. ഒരു ഫോളോ-അപ്പ് പഠനത്തിൽ, നേരത്തേ പറഞ്ഞ യാത്രികരോട് അവരുടെ ഇടപെടലുകളെക്കുറിച്ച് ഒരിക്കൽക്കൂടി 'ഫീഡ് ബാക്' തേടി. കൂടുതൽ ഇടപെടലുകൾ, സന്തോഷകരമായ ഒരു അനുഭവം തരുന്നുവെന്നാണ് അവർ റിപ്പോർട്ടു ചെയ്തത്.

മറ്റുള്ളവരുമായി സംസാരിക്കുന്നത് സന്തോഷം പ്രദാനംചെയ്യും. ആശയവിനിമയവൈദഗ്ധ്യപരിശീലനത്തിനും, മെച്ചപ്പെട്ട സാമൂഹിക, ബിസിനസ്സ് ബന്ധങ്ങൾക്കും ഇത് ഉപകരിക്കും.

സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിലെ എംബിഎ പ്രോഗ്രാമിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങി വിജയകരമായി പാസായ ബിരുദധാരികൾ മറ്റുള്ളവരുമായി സംസാരിക്കുന്നതിൽ ഉയർന്ന താത്പര്യവും നൈപുണ്യവും പ്രകടിപ്പിച്ചവരാണെന്ന് 20 വർഷത്തെ പഠനം സാക്ഷ്യപ്പെടുത്തുന്നു.

വിദേശരാജ്യങ്ങൾ ധാരാളമായി സന്ദർശിക്കുന്നവർ വിദേശികളുമായുള്ള അവരുടെ നല്ല ഇടപെടലുകളുടെ സമ്പന്നമായ അനുഭവങ്ങളെക്കുറിച്ചു വാചാലരാകാറുണ്ട്. അവിടങ്ങളിലൊക്കെ പരസ്പരം തുറവോടെ ഇടപെടുന്നവരാണ് അധികം. ആർക്കും ആരെയും സംശയത്തിന്റെ മുൾമുനയിൽ നിർത്തേണ്ടിവരുന്നില്ല. അന്നാട്ടിലും വഞ്ചകരും തരികിടകളുമുണ്ടെങ്കിലും, അവർക്കു ലഭ്യമാകുന്ന നല്ല അനുഭവങ്ങൾ ഇത്തരക്കാരെ ഭയന്ന് അവർ കളഞ്ഞുകുളിക്കുന്നില്ല.

**സംയോജനപ്രചോദനം**

മനുഷ്യൻ സമൂഹജീവിയാണ്. സുഹൃദ്ബന്ധങ്ങൾ സ്ഥാപിക്കാനും കൂട്ടായ്മകളുടെ ഭാഗമാകാനും അവൻ ആഗ്രഹിക്കുന്നുണ്ട്. മറ്റുള്ളവരോടൊപ്പം സഹവസിക്കാനുള്ള നൈസർഗികമായ ഒരു തൃഷ്ണ നമുക്കുള്ളിൽ കുടികൊള്ളുന്നു. ഈ നൈസർഗികപ്രവണതയെ ആഴത്തിൽ പഠിച്ച ശാസ്ത്രജ്ഞന്മാരിൽ ഒരാളായിരുന്നു സ്റ്റാൻലി ഷാചെസ്റ്റർ. മനുഷ്യർ സാധാരണഗതിയിൽ അനേകംപേരുമായി ഇടപഴകുന്നവരാണ്; ഒരു സുഹൃദ്‌വലയത്തിനുള്ളിൽ നിർത്തി അവരുമായി സൗഹൃദം പങ്കുവയ്ക്കാൻ ഇഷ്ടപ്പെടുന്നവരാണ്.

പണ്ടൊക്കെ കേരളത്തിലെ ഗ്രാമങ്ങളിൽ ബസുകളിലും ബോട്ടുകളിലുമൊക്കെ ഇരുന്ന് ആളുകൾ യഥേഷ്ടം ഉള്ളു തുറക്കുമായിരുന്നു; ഫലിതങ്ങൾ പറഞ്ഞ് ഉറക്കെ ചിരിക്കുമായിരുന്നു. ഇന്ന് ആ കല നാം മറന്നുകൊണ്ടിരിക്കുന്നു. ട്രെയിൻയാത്രകളിൽ ഒന്നും രണ്ടും ദിവസം ഒന്നിച്ചു യാത്രചെയ്യുമ്പോൾപോലും ഒന്നും സംസാരിക്കാത്ത ആൾക്കാരുണ്ട്. വിമാനത്തിൽ പൊതുവെ ഇന്ത്യക്കാർ ആരുംതന്നെ അധികം സൗഹൃദം പങ്കുവയ്ക്കാറില്ല. പണക്കൊഴുപ്പിന്റെ ജാട കൊണ്ടാണോ എന്നറിയില്ല.

വിമാനം അവിടെ നിൽക്കട്ടെ. നാമിവിടെ ഭൂമിയിൽ ഒത്തിരിപ്പേരെ ആരാധനാലയങ്ങളിൽ, മറ്റു പൊതുസ്ഥലങ്ങളിൽ ഒക്കെ കണ്ടുമുട്ടുന്നുണ്ട്. അവിടെയൊക്കെ അവസരംപോലെ ആരെയും ബുദ്ധിമുട്ടിക്കാതെ നമുക്കൊരു സൗഹൃദത്തിനു മുൻകൈ എടുക്കാം. നാം ഒരു റെസ്റ്റോറന്റിൽ ഭക്ഷണം കഴിക്കുമ്പോൾ ആ വെയിറ്ററോട് അല്പം സൗഹൃദമാകാം. നമുക്കു കത്തുകളുമായി വരുന്ന പോസ്റ്റുമാനോട്, ദിവസവും പാലും പത്രവും എത്തിച്ചുതരുന്ന ബാലനോട്, ഒരു കുശലപ്രശ്നത്തിന് അധികമൊന്നും സമയം വേണ്ട. നമ്മുടെയും ഒപ്പം മറ്റുള്ളവരുടെയും ജീവിതത്തിലേക്ക് ആഹ്ലാദത്തിന്റെ, സ്നേഹത്തിന്റെ ഒരു പൂത്തിരി കത്തിച്ചുനല്കാനായാൽ അതിൽപ്പരം ധന്യമായ മറ്റൊരു കാര്യവുമില്ല.

■

Deepanalam Weekly

RNI No : 16998/68
Vol. 55 No. 43 Date of Publication 29 dec 2022
Annual Subscription Rate ₹400 (For Abroad ₹4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org